بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 3

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 21

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മെയ് 24/ഹി:ശം:1397 ഹിജ്റത്ത് 24/ഹി:ഖ:1439 റമളാൻ 08

## അല്ലാഹുവിന്റെ വചനം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَهِدَ مِنۡكُمُ الشَّهۡرَ فَلۡیَصُمۡهُ ؕ (سورۃ البقرہ:186)

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. (2:186)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:
കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലൊഴികെ മറ്റേതെങ്കിലും കാലത്ത് ആയിരക്കണക്കിന് പ്രവചനങ്ങൾ വിവരിക്കപ്പെടുകയും അവയെല്ലാം പകൽ വെളിച്ചംപോലെ പുലരുകയും അത് പുലർന്നുവെന്നതിന് ആയിരക്കണക്കിനാളുകൾ സാക്ഷി പറയുകയും ചെയ്തത് ആരെങ്കിലും കണ്ടിട്ടുണ്ടോ?**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“എന്റെ പ്രവചനങ്ങളൊന്നും പുലരാതിരുന്നതായിട്ടോ അതിന്റെ രണ്ടു ഭാഗങ്ങളിൽ ഒരുഭാഗം പുലർന്നുകഴിഞ്ഞിട്ടില്ലാത്തതായിട്ടോ ഇല്ല. ഒരാൾ തിരഞ്ഞുതിരഞ്ഞു മരിച്ചാലുംശരി, എന്റെ വായിൽനിന്ന് പുറപ്പെട്ടതായ ഏതെങ്കിലും പ്രവചനം പുലരാതെ പാഴായിപ്പോയെന്ന് അയാൾക്ക് പറയാൻ സാധിക്കുംവിധം ഒന്നും അയാൾക്ക് കിട്ടുകയില്ല. എന്നാൽ, നാണമില്ലാതേയും അറിവില്ലായ്മയാലും ഇഷ്ടമുള്ളത് പറഞ്ഞുകൊള്ളുവിൻ! ഞാൻ വാദത്തോടുകൂടി പറയുന്നു, അങ്ങേയറ്റം സ്പഷ്ടമായി പുലർന്ന എന്റെ ആയിരക്കണക്കിന് വ്യക്തമായ പ്രവചനങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന് സാക്ഷികളാണ്. അതിന്റെ ഉദാഹരണങ്ങൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ തിരഞ്ഞാൽ, നബി തിരുമേനി(സ)യിലല്ലാതെ മറ്റൊരിടത്തും അതിനുദാഹരണം ലഭിക്കുകയില്ല. എന്റെ എതിരാളികൾ ഈ രീതിയിൽ തീരുമാനമെടുത്തിരുന്നുവെങ്കിൽ എപ്പോഴേ അവരുടെ കണ്ണുകൾ തുറന്നിട്ടുണ്ടാകും. ഈ പ്രവചനങ്ങൾക്ക് സമാനമായ ഉദാഹരണങ്ങൾ അവർ ലോകത്ത് സമർപ്പിച്ചിരുന്നുവെങ്കിൽ, അവർക്കൊരു വമ്പിച്ച സമ്മാനം നല്കാൻ ഞാൻ തയ്യാറായിരുന്നു. വെറും ദുഷ്ടതയോ ഭോഷത്തമോകൊണ്ട് ഇന്ന പ്രവചനം പുലർന്നില്ലായെന്നു പറയുന്നതിനെ നീചത്വവും ദുർഭാവനയുമെന്നല്ലാതെ നാം എന്തുപറയാനാണ്? ഏതെങ്കിലും സമ്മേളനത്തിൽ ഇത് സ്ഥാപിക്കാനായി ചർച്ച ചെയ്യുകയാണെങ്കിൽ അവർക്ക് അവരുടെ വാക്കുകളിൽനിന്ന് പിന്മാറേണ്ടിവരും. അല്ലെങ്കിൽ നാണംകെട്ടവരെന്നു പറയേണ്ടിവരും. ആയിരക്കണക്കിലുള്ള പ്രവചനങ്ങൾ അതേപടി പൂർത്തിയാവുകയും അവ പൂർത്തിയായി എന്നതിന് ആയിരക്കണക്കിന് സാക്ഷികളുണ്ടാവുകയും ചെയ്യുക എന്നത് നിസ്സാര കാര്യമല്ല. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലൊഴികെ മറ്റേതെങ്കിലും കാലത്ത് ആയിരക്കണക്കിന് പ്രവചനങ്ങൾ വിവരിക്കപ്പെടുകയും അവയെല്ലാം പകൽ വെളിച്ചംപോലെ പുലരുകയും അത് പുലർന്നുവെന്നതിന് ആയിരക്കണക്കിനാളുകൾ സാക്ഷി പറയുകയും ചെയ്തത് ആരെങ്കിലും കണ്ടിട്ടുണ്ടോ? ഇക്കാലഘട്ടത്തിൽ ഏതുപോലെ അല്ലാഹു അടുത്തുവന്ന് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും നൂറുക്കണക്കിന് അദൃശ്യ കാര്യങ്ങൾ തന്റെ ദാസനുമേൽ തുറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുവോ അതിനുള്ള ഉദാഹരണം വളരെ കുറച്ചുമാത്രമേ കഴിഞ്ഞകാലങ്ങളിൽ കിട്ടുകയുള്ളുവെന്ന് എനിക്ക് നല്ലവണ്ണമറിയാം. അല്ലാഹു ആകാശത്തുനിന്നിറങ്ങി വന്നതുപോലെ ഇക്കാലത്ത് അവന്റെ തിരുമുഖം പ്രകടമാകുന്നത് ജനങ്ങൾ അടുത്തുതന്നെ കാണും. അവൻ വളരെക്കാലംവരെ സ്വയം തന്നെ മറച്ചുവെച്ചു. നിഷേധിക്കപ്പെടുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്തു. ഇനി അവൻ തന്നെ മറച്ചുവെക്കുകയില്ല. ലോകർ, അവരുടെ പിതാക്കന്മാരും പിതാമഹന്മാരും കണ്ടിട്ടില്ലാത്ത അവന്റെ ശക്തിപ്രഭാവത്തിന്റെ ദൃശ്യങ്ങൾ കാണുമാറാകും. ഭൂമി മലീമസമാവുകയും ആകാശവും ഭൂമിയും സൃഷ്ടിച്ചവനെ ജനങ്ങൾ അവിശ്വസിക്കുകയും ചെയ്യുന്നതുകൊണ്ടാണിത്. ചുണ്ടുകളിൽ അവന്റെ സ്മരണയുണ്ട്. പക്ഷേ, മനസ്സ് അവനിൽനിന്ന് തെറ്റിപ്പോയിരിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഇനി ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുമെന്ന്! ഇതിന്റെ ഉദ്ദേശ്യം ഭൂമി മരിച്ചുവെന്നാണ്. അതായത്, ഭൂനിവാസികളുടെ ഹൃദയങ്ങൾ കഠിനതരമായിരിക്കുന്നു; മരിച്ചതുപോലെ. കാരണം അല്ലാഹുവിന്റെ തിരുമുഖം അവരിൽനിന്ന് മറഞ്ഞുപോയി. കഴിഞ്ഞകാലങ്ങളിലെ ദൈവിക ദൃഷ്ടാന്തങ്ങൾ കഥകളെന്ന നിലയിലായിപ്പോയി. അപ്പോൾ, പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കാൻ അല്ലാഹു തീരുമാനിച്ചു. എന്താണ് പുതിയ ആകാശം? എന്താണ് പുതിയ ഭൂമി? അല്ലാഹു സ്വകരങ്ങളാൽ തയ്യാർ ചെയ്തുകൊണ്ടിരിക്കുന്ന പരിശുദ്ധഹൃദയങ്ങളാണ് പുതിയ ഭൂമി. അവർ അല്ലാഹുവിൽനിന്ന് വെളിപ്പെടുകയും അല്ലാഹു അവരിലൂടെ വെളിപ്പെടുകയും ചെയ്യും. അവന്റെ ദാസന്മാരുടെ കരങ്ങളാലും അവന്റെതന്നെ കല്പനയാലും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ആ ദൃഷ്ടാന്തങ്ങളാണ് പുതിയ ആകാശം. പക്ഷേ, പരിതാപകരമെന്നു പറയട്ടെ, ലോകർ അല്ലാഹുവിന്റെ ഈ നവ ജ്യോതിസ്സിനെ എതിർത്തു. അവരുടെ കൈകളിൽ കെട്ടുകഥകളല്ലാതെ മറ്റൊന്നുമില്ല. അവരുടെ ദൈവം എന്നു പറയുന്നത് അവരുടെ സ്വന്തം സങ്കല്പങ്ങളാണ്. ഹൃദയം വക്രതയുള്ളതായിരിക്കുന്നു. മനഃശക്തി ക്ഷയിച്ചുപോയിരിക്കുന്നു. കണ്ണുകളിൽ മറ വീണിരിക്കുന്നു. ഇതരസമുദായങ്ങളാണെങ്കിൽ സാക്ഷാൽ ദൈവത്തെ ഉപേക്ഷിച്ചിരിക്കുന്നു. അവരെക്കുറിച്ച് എന്ത് പറയാനാണ്; മനുഷ്യപുത്രന്മാരെ അവർ ദൈവമാക്കി. മുസ്‌ലിംകളുടെ അവസ്ഥ നോക്കുക. അവർ എത്രമാത്രം അല്ലാ

(ശേഷം പേജ് 8ൽ)

## 124-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**ഹുദൂർ എങ്ങനെയുള്ള വ്യക്തിത്വത്തിന്റെ ഉടമയാണെന്നാൽ അദ്ദേഹത്തിന്റെ മുഖകമലം ഉന്നതനായ അല്ലാഹുവിന്റെ പ്രകാശത്താൽ പ്രശോഭിതവും പ്രകാശസ്തംഭവുമാണ്.**

**ഇസ്‌ലാം നൽകുന്ന ഏകത്വത്തിന്റേയും ഐക്യത്തിന്റേയും അധ്യാപനം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ദർശിക്കാൻ സാധിക്കുന്നത്.**

● ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗമാണ്. ഇത് പറയുന്നതിൽ എനിക്കഭിമാനമുണ്ട്. ഈ ജമാഅത്ത് മുഴുലോകത്തിന്റേയും ഉന്നമനത്തിനുവേണ്ടിയുള്ള അധ്യാപനങ്ങൾ സമർപ്പിക്കുന്നു.വിവിധ മാർഗ്ഗേണ മനുഷ്യരാശിയെ സഹായിക്കുന്നു. ജൽസാ വേളയിൽ ഇസ്‌ലാമിനെ കുറിച്ചും അഹ്മദിയ്യത്തിനെ കുറിച്ചും വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു.(മെക്സിക്കോയിൽ നിന്നുവന്ന നവ അഹ്മദി വനിത Rosalina Lara Flota സാഹിബ)

● ഞാൻ ലണ്ടനിലെത്തിയ നാൾ മുതൽ സ്നേഹാനുകമ്പയാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്;സ്വന്തം മാതാപിതാക്കളുടേയും ബന്ധുക്കളുടേയും ഇടയിൽ ഉള്ളതുപോലെ!ഹുദൂർ അൻവറിന്റെ ചിത്രം കണ്ടപ്പോൾത്തന്നെ എനിക്കുറപ്പായി, ഹുദൂറിന്റെ തിരുമുഖം ഉന്നതനായ അല്ലാഹുവിന്റെ പ്രകാശത്താൽ പ്രശോഭിതവും പ്രകാശസ്തംഭവുമാണെന്ന്. ഞാനെന്റെ ജീവിതമാസകലം ഉന്നതനായ ദൈവത്തെ തേടി ക്കൊണ്ടിരുന്നു. എന്നാൽ, ഇവിടെ ജൽസ സാലാനയിൽ വന്നപ്പോഴാണ് അവനെ കണ്ടെത്താൻ കഴിഞ്ഞിരിക്കുന്നവെന്ന് എനിക്ക് മനസ്സിലായത്. ഭൂമിയിലിപ്പോൾ ഒരു പ്രതീക്ഷ നാമ്പിട്ടിരിക്കുന്നു. സമാനതകളില്ലാത്ത ലക്ഷക്കണക്കിന് വ്യക്തികളുടെ ഒരു ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ഈ ജമാഅത്ത് തങ്ങളുടെ പ്രവൃത്തികൾ മുഖേന എല്ലാ കഷ്ടങ്ങളേയും വിപത്തുകളേയും നീക്കി ലോകത്തെ പരിശുദ്ധമാക്കാൻവേണ്ടി സകലത്യാഗവും സമർപ്പിക്കാൻ തയ്യാറാണ്.(തുർക്കിമിനിസ്താൻ അതിഥി,അബ്ദുറശീദ് സാഹിബ്)

● ജൽസാ സാലാനയുടെ നടത്തിപ്പിലേക്ക് നോക്കിയാൽ എല്ലാ പ്രവർത്തനവിഭാഗങ്ങളും വളരെ നല്ല നിലയിൽ തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചു കൊണ്ടിരുന്നുവെന്ന് കാണാം. ലോകത്ത് സമാനതകളില്ലാത്ത വിധം ഉന്നത സംവിധാനത്തോടൊപ്പം ജൽസാപരിപാടികൾ നടന്നു കൊണ്ടിരുന്നു. ജൽസാ വേളയിൽസംഘടിപ്പിച്ച എക്സിബിഷനുകളും വളരെ സ്വാധീനം ചെലുത്തി. എനിക്കിവിടെ ഇക്കാലഘട്ടത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പ്രവണതകൾക്കും മറുപടി നൽകുന്ന ഒരു ഇസ്‌ലാമാണ് ലഭ്യമായത്. പുരാതന കാലഘട്ടത്തിലെ കഥകളിൽ അധിഷ്ഠിതമായ ഇസ്‌ലാമല്ല അത്. ആഗോള ബയ്അത്ത് എന്നെ വളരെ ആകർഷിച്ചു. എന്റെ ഹൃദയം പിടയുകയായിരുന്നു. കണ്ണുകളിൽ നിന്ന് അശ്രുക്കൾ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. ജൽസയിലെ ഓരോ നിമിഷങ്ങളും ഓരോ രംഗങ്ങളും ഓരോ സംഭവങ്ങളും എനിക്ക് അഹ്മദിയ്യത്തിന്റെ സത്യതക്കുള്ള അടയാളമായിരുന്നു.(ദാമീർ സഫീഊലീൻ സാഹിബ്,സ്വദ്ർ,മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ഖസാക്കിസ്താൻ)

● ജൽസയിലെ അച്ചടക്കവും ത്യാഗത്തിന്റെ നിലവാരവും അത്യുന്നതി പ്രാപിച്ചിരുന്നു. ഇസ്‌ലാമിന്റെ യഥാർഥവും സമ്പൂർണ്ണവുമായ മുഖം സമർപ്പിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്.എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്നതിന്റെ സത്യസന്ധമായ പ്രകടനം ഈ ജൽസയിൽ എനിക്ക് കാണാൻ കഴിഞ്ഞു. മാതൃകാപരമായ ആതിഥ്യമര്യാദയാണ് എനിക്ക് ഈ ജൽസയിൽ കാണാൻ കഴിഞ്ഞത്. ഇസ്‌ലാം നൽകുന്ന ഏകത്വത്തിന്റേയും ഐക്യത്തിന്റേയും അധ്യാപനം കേവലം അഹ്മദിയ്യാ ജമാഅത്തിലാണ് കാണാൻ സാധിക്കുന്നത്. (മൂസാ ഇബ്റാഹീം സാഹിബ്,Chief of Borgu Empire,നൈജീരിയ)

**യൂകെ ജൽസാ സാലാനയിൽ പങ്കെടുത്ത അതിഥികൾ ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം നൽകിയ വിശ്വാസവർധക പ്രതികരണങ്ങൾ.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(തുടർച്ച).....

● സിയറ ലിയോൺ(Sierra Leone)ണിൽ നിന്നുള്ള ഒരു ജേർണലിസ്റ്റ് ചോദിച്ചു: ഹുദൂർ! എനിക്ക് ചോദ്യം ചോദിക്കാൻ അവസരം തന്നതിന് നന്ദി. എന്റെ ചോദ്യം പുരോഗതിയുമായി ബന്ധപ്പെട്ടതാണ്.അഹ്മദിയ്യാ ജമാഅത്ത് വളരെയധികം പുരോഗമനപരമായ പ്രവർത്തനം ചെയ്തു കൊണ്ടിരിക്കുന്നു. അവകളിൽ വിദ്യാഭ്യാസം, ആരോഗ്യം, ഇതര സാമൂഹിക ജീവിത സന്ധാരണ പരിപാടികളുണ്ട്. അഹ്മദിയ്യാ ജമാഅത്തിന് വലിയ അളവോളം ഭരണകൂടങ്ങളെ സഹായിക്കാൻ കഴിയും. ഇതേപോലെ ചില മറ്റ് രാഷ്ട്രങ്ങളുമുണ്ട്. എന്റെ ചോദ്യമിതാണ്. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്ത്, ദുർബലമായി കിടക്കുന്ന ഇതര ആഫ്രിക്കൻ രാജ്യങ്ങളിൽപോകാൻ എന്ത് പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളത്?

ഹുദൂർ: ഞാൻ സൂചിപ്പിച്ചതുപോലെ അഹ്മദിയ്യാ ജമാഅത്ത് ഒരു പ്രചാരണ ജമാഅത്താണ്. സ്വന്തം വരുമാനത്തിനനുസരിച്ച് പുതിയ മിഷനുകൾ തുറന്നു കൊണ്ടിരിക്കുന്നു. ഇത് ഞങ്ങളുടെ വരുമാനത്തിലധിഷ്ഠിതമാണ്. ലോകത്തിന്റെ ഓരോ മൂലയിലും എത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ആഫ്രിക്കയുടേയും എല്ലാ കോണുകളിലും എത്തണമെന്നുണ്ട്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ എല്ലാ രാഷ്ട്രങ്ങളിലേക്കും എത്തിക്കണമെന്നുണ്ട്. ഞങ്ങൾ പൂർണമായും അതിന് ശ്രമിച്ചു വരുന്നു. ലോകത്തിന്റെ എല്ലാ ഭാഗത്തും സ്വന്തം മിഷനുകളും പ്രൊജക്ടുകളും വ്യാപിപിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ആഫ്രിക്കയിൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

● ബെനിൻ നാഷണൽ ടി.വി ഡയറക്ടർ Jamima Katraye ചോദിച്ചു: ലോകത്ത് വിവിധ രാജ്യങ്ങളിൽ മൂന്നാം ലോക മഹായുദ്ധം തുടങ്ങി കഴിഞ്ഞിട്ടുണ്ട്. വിവിധ തീവ്രവാദ വിഭാഗങ്ങൾ ആധിപത്യം പുലർത്താനുള്ള ശ്രമത്തിലാണ്. ഹുദൂർ സമാധാന നിർഭരമായ സന്ദേശം ജൽസാ വേളയിൽ നൽകിയിരിക്കുകയാണ്. സമാധാനത്തിന്റെ അധ്യാപനം കുടുംബതലത്തിൽ നിന്നും ആരംഭിക്കാനും ഹുദൂർ പറഞ്ഞിരുന്നു. ഹുദൂർ ഈ വീക്ഷണകോണിൽക്കൂടി സ്ത്രീകൾക്ക് എന്ത് സന്ദേശമാണ് നൽകാൻ ആഗ്രഹിക്കുന്നത്? ലോകത്ത് സമാധാന സ്ഥാപനത്തിന് സ്ത്രീകൾക്ക് തങ്ങളുടെ പങ്ക് എങ്ങനെ വഹിക്കാൻ സാധിക്കും?

ഹുദൂർ: പത്തുവർഷമായി ഞങ്ങൾ ഈ അധ്യാപനങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ പരസ്പരം ആദരിക്കണം. പരസ്പരമുള്ള കടമകൾ നിർവ്വഹിക്കണം. സഹവർത്തി

(ശേഷം പേജ് 9ൽ)




**“അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു.” (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ഈ 3 കാര്യങ്ങൾ അതായത് അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക, സൽക്കർമങ്ങളനുഷ്ഠിക്കുക, അനുസരണത്തിന്റേയും അനുധാവനത്തിന്റേയും മാതൃക കാഴ്ചവച്ചുകൊണ്ട് 'താൻ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്നവനും കഴിവിന്റെ പരമാവധി ശ്രമിക്കുന്നവനുമാണെന്ന് വിളംബരം ചെയ്യുക. ഇക്കാര്യങ്ങൾ എങ്ങനെയുള്ളതാണെന്നാൽ, ഇവയിൽ പറഞ്ഞ ആദ്യത്തെ കാര്യം ഒരു സത്യവിശ്വാസിയെ മതകാര്യങ്ങൾ പഠിക്കുന്നവനും ജനങ്ങളെ പഠിപ്പിക്കുന്നവനുമാക്കിത്തീർക്കുന്നു. അല്ലാഹുവിനോടുള്ള കടമ എന്താണെന്നും അതെങ്ങനെ നിർവഹിക്കണമെന്നും ലോകത്തോടു പറയാൻ അത് പഠിപ്പിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി ഒരു വേദന മനസിലുണ്ടാകുമ്പോഴും അവരെ ശയ്ത്വാനിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് ഒരു തിളപ്പും ശ്രദ്ധയുമുണ്ടാകുമ്പോഴുമാണ് അവർക്ക് പറഞ്ഞുകൊടുക്കാൻ ശ്രദ്ധയുണ്ടാകുന്നത്.**

**താൻ സമ്പൂർണമായും പിന്തുടരുന്നവരിൽ പെട്ടവനാണെന്ന് വിളംബരം ചെയ്യുക എന്നതാണ് മൂന്നാമത്തെ പ്രത്യേകത. അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിൽ പൂർണമായും വിശ്വസിക്കുന്നവനാണ്; വിശ്വസിക്കുന്നുവെന്ന് മാത്രമല്ല, അവയെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുന്നു. താൻ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവനും മുന്തിച്ചു കൊണ്ടിരിക്കുന്നവനുമായിരിക്കും. അനുസരണത്തിൽ കാലത്തിന്റെ ഖലീഫയേയും ജമാഅത്തിന്റെ വ്യവസ്ഥിതിയേയും അനുസരിക്കലും അനുധാവനവും ഉൾപ്പെടുന്നു.**

**സൽക്കർമങ്ങളനുഷ്ഠിക്കുക എന്നതാണ് രണ്ടാമത്തെ പ്രത്യേകത. അതായത് അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള കടമ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുക. മാത്രമല്ല സ്വയം ഒരു മാതൃകയായിക്കൊണ്ട് അത് മറ്റുള്ളവർക്കുവേണ്ടി സ്ഥാപിക്കുകയും വേണം. ഇല്ലെങ്കിൽ നിങ്ങളുടെ മതപരമായ അറിവും നിഷ്ഫലമാണ്. നിങ്ങളുടെ കർമ്മമില്ലെങ്കിൽ അല്ലാഹുവിലേക്ക് വിളിക്കുന്ന കർമവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും സൽഫലമുളവാക്കുകയില്ല.**

**സൽക്കർമങ്ങളുടേയും നല്ല പ്രവൃത്തികളുടേയും ഹൃദയഭക്തിയുടേയും നിലവാരവും കരസ്ഥമാകുന്നത് അനുസരണത്തിന്റേയും അനുധാവനത്തിന്റേയും നിലവാരവും ഉയരുമ്പോഴാണ്. ബാഹ്യത്തിൽ നോക്കുമ്പോൾ ചില സാത്വികരുടേയും ചില ദീനീ പ്രവൃത്തികൾ ചെയ്യുന്നവരുടേയും പര്യവസാനം ചില ഘട്ടങ്ങളിൽ നല്ലതായി കാണാറില്ല.**

**നമ്മുടെ തബ്ലീഗ് വിജയപ്രദമാകുന്നത്, നമ്മുടെ നന്മകൾ സൽക്കർമങ്ങളെന്ന് പറയപ്പെടുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം ഖിലാഫത്ത് വ്യവസ്ഥിതിയേയും ഖിലാഫത്തിനു കീഴിലുള്ള വ്യവസ്ഥിതിയേയും പൂർണമായും അനുസരിക്കുന്നവരാകുമ്പോഴും സഹായിക്കുന്നവരാകുമ്പോഴുമാണ്. നമ്മുടെ വ്യക്തിപരവും സംഘടിതവുമായ പരിശ്രമങ്ങളിൽ അനുഗ്രഹമുണ്ടാകുന്നത് ജമാഅത്തിന്റെ ഓരോ വ്യക്തിയും ഓരോ ഭാരവാഹിയും ഓരോ ഉദ്യോഗസ്ഥനും ഓരോ മുറബ്ബിയും വ്യവസ്ഥിതിയെ മനസിലാക്കുന്നവരും പരസ്പരം കടമകൾ നിർവഹിക്കുന്നവരുമാകുമ്പോഴാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ഇസ്ലാമിന്റെ മനോഹരസന്ദേശം വ്യാപിക്കണമെന്നതിൽ ഒരു സംശയുമില്ല; വ്യാപിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു സംബന്ധമായി സഹായിക്കുമെന്ന് പറഞ്ഞുകൊണ്ടുള്ള ധാരാളം ഇൽഹാമുകളും ആ മഹാത്മാവിന് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ എം.ടി.എ മുഖേന ലോകം മുഴുവൻ അല്ലാഹു നേരിട്ട് സന്ദേശമെത്തിച്ചുകൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു.**

**ഇതു അല്ലാഹുവിന്റെ ജോലിയാണ്. അവന്റെ വാഗ്ദാനമാണ്. ഇതു പൂർത്തിയാകുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ്. ഇതിൽ നമ്മുടെ അല്ലെങ്കിൽ ഏതെങ്കിലും മാനുഷിക പരിശ്രമത്തിന്റെ കഴിവൊന്നുമില്ല. പക്ഷേ, ഏറ്റവും നല്ല മുഅ്മിന്റെ അടയാളമെന്നത് അല്ലാഹുവിന്റെ സ്നേഹത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയാണെന്നാണ് അല്ലാഹു പറയുന്നത്. അതിനാൽ അല്ലാഹു അവൻ സ്വയം ചെയ്തുകൊണ്ടിരിക്കുന്നതും ചെയ്യുമെന്ന് തീരുമാനിച്ചിട്ടുള്ളതുമായ തന്റെ ജോലിയിൽ നമ്മെ ഭാഗഭാക്കാക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു നമ്മെ പ്രതിഫലത്തിൽ ഭാഗഭാക്കാക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഏറ്റെടുത്തിട്ടുള്ള ജോലിയിൽ ഭാഗഭാക്കായി പ്രതിഫലത്തിൽനിന്ന് ഭാഗമെടുക്കുന്നതിന് ഓരോ അഹ്മദിയും പ്രാധാന്യം നല്കേണ്ടതാണ്.**

**അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ സ്പെയിൻകാരോടു പ്രത്യേക ആഹ്വാനം. ഇതുസംബന്ധമായുള്ള സുപ്രധാന നിർദേശങ്ങൾ. തബ്ലീഗ് സംബന്ധമായുള്ള നബി(സ)തിരുമേനിയുടെ ഹദീഥുകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും വെളിച്ചത്തിൽ ചർച്ച.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ20-04-2018/20 ശഹാദത്ത് 1397**
**മസ്ജിദ് ബിശാറത്ത് പേദ്രോബാദ്(സ്പെയിൻ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

وَمَنْ أَحْسَنُ قَوْلًا مِّمَّنْ دَعَآ إِلَى اللّٰهِ وَعَمِلَ صَالِحًا وَّقَالَ إِنَّنِيْ مِنَ الْمُسْلِمِيْنَ

*അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും സൽക്കർമമനുഷ്ഠിക്കുകയും ഞാൻ അനുസരണമുള്ളവരിൽ പെട്ടവൻ തന്നെയാണെന്നു പറയുകയും ചെയ്യുന്ന ഒരുവനേക്കാൾ നല്ല വാക്ക് പറയുന്നവനാരുണ്ട്? (41:34)*

ഈ വചനം ഒരു മുഅ്മിനിന്റെ പ്രത്യേകതയായിരിക്കേണ്ട എല്ലാ കാര്യങ്ങളും അടങ്ങിയിട്ടുള്ളതാണ്. ഒരു യഥാർഥമുസ്ലിമിനെക്കാളധികം ആരാണ് ഇക്കാര്യങ്ങൾ ചെയ്യുന്നവൻ. അല്ലാഹു പറഞ്ഞിരിക്കുന്ന ഈ പ്രത്യേകമായ 3 കാര്യങ്ങൾ ആരിലെങ്കിലുമുണ്ടെങ്കിൽ അവന്റെ ജീവിതത്തിൽ പരിവർത്തനം സാധ്യമാണ്. സ്വന്തം ജീവിതത്തിൽ വിപ്ലവമുണ്ടാകുമെന്ന് മാത്രമല്ല അത്തരം വ്യക്തി സമൂഹത്തിലും വിപ്ലവമുണ്ടാക്കുന്നവൻ ആയിത്തീരുന്നതാണ്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക, സൽക്കർമങ്ങളനുഷ്ഠിക്കുക, അനുസരണത്തിന്റേയും അനുധാവനത്തിന്റേയും മാതൃക കാഴ്ചവച്ചുകൊണ്ട് താൻ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്നവനും കഴിവിന്റെ പരമാവധി ശ്രമിക്കുന്നവനുമാണെന്ന് വിളംബരം ചെയ്യുക.

ഇവയിൽ പറഞ്ഞ ആദ്യത്തെ കാര്യം ഒരു സത്യവിശ്വാസിയെ മതകാര്യങ്ങൾ പഠിക്കുന്നവനും ജനങ്ങളെ പഠിപ്പിക്കുന്നവനുമാക്കിത്തീർക്കുന്നു. അല്ലാഹുവിനോടുള്ള കടമയെന്താണെന്നും നിങ്ങൾ അത് എങ്ങനെ നിറവേറ്റണമെന്നും അതു പഠിപ്പിക്കുന്നു. അല്ലാഹു നിങ്ങളിൽ പരസ്പരം നിറവേറ്റാൻ എന്തു കടമകളാണ് വെച്ചിട്ടുള്ളതെന്നും നിങ്ങൾ അത് എങ്ങനെ നിറവേറ്റണമെന്നും മറ്റുള്ളവരോടു പറയാനും ഇതു പറയുന്നു. മറ്റുള്ളവർക്കുവേണ്ടി ഒരു വേദന മനസിലുണ്ടാകുമ്പോഴും അവരെ ശയ്ത്വാനിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് ഒരു തിളപ്പും ശ്രദ്ധയുമുണ്ടാകുമ്പോഴുമാണ് അവർക്ക് പറഞ്ഞുകൊടുക്കാൻ ശ്രദ്ധയുണ്ടാകുന്നത്. പരമകാരുണികന്റെ സംഘത്തെ വർധിപ്പിക്കുന്നതിന് ഒരു ആവേശമുണ്ടാകുക. ശയ്ത്വാന്റെ ഗൂഢപദ്ധതികളും അല്ലാഹുവിൽനിന്ന് അകറ്റുന്നതിനുവേണ്ടിയുള്ള താൽപര്യമുളവാക്കുന്ന സാധനസാമഗ്രികൾ അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുന്ന പരിതഃസ്ഥിതിയിലും അത്തരം പ്രത്യേകത ഉണ്ടാകുന്നവനും അല്ലെങ്കിൽ അല്ലാഹുവിന്റെ സമീപത്ത് ജനങ്ങളെ കൊണ്ടുവരുന്നതിനുവേണ്ടി ഒരു വികാരവും അഭിനിവേശവുമുണ്ടാകുന്നവനും അല്ലാഹുവിനെ ഭയ

പ്പെടുന്നവനും അവന്റെ സാമീപ്യം തിരയുന്നവനുമായ ആൾക്കുമാത്രമേ ഈ ശ്രമവും അത്യധ്വാനവും ചെയ്യാൻ സാധിക്കുകയുള്ളൂ.

സൽക്കർമങ്ങളനുഷ്ഠിക്കുക എന്നതാണ് രണ്ടാമത്തെ പ്രത്യേകത. അതായത് അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള കടമ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുക. മാത്രമല്ല സ്വയം ഒരു മാതൃകയായിക്കൊണ്ട് അത് മറ്റുള്ളവർക്കുവേണ്ടി സ്ഥാപിക്കുകയും വേണം. ഇല്ലെങ്കിൽ നിങ്ങളുടെ മതപരമായ അറിവും നിഷ്ഫലമാണ്. നിങ്ങളുടെ കർമമില്ലെങ്കിൽ അല്ലാഹുവിലേക്ക് വിളിക്കുന്ന കർമവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും സൽഫലമുളവാക്കുകയില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടി ചെയ്യുന്ന എല്ലാ ശ്രമവും പാഴായിരിക്കും. അല്ലാഹുവിന്റെ തൃപ്തിയും കരസ്ഥമാകുകയില്ല.

താൻ സമ്പൂർണമായും പിന്തുടരുന്നവരിൽ പെട്ടവനാണെന്ന് വിളംബരം ചെയ്യുക എന്നതാണ് മൂന്നാമത്തെ പ്രത്യേകത. അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിൽ പൂർണമായും വിശ്വസിക്കുന്നവനാണ്; വിശ്വസിക്കുന്നുവെന്ന് മാത്രമല്ല, അവയെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുന്നു. താൻ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നവനും മുന്തിച്ചു കൊണ്ടിരിക്കുന്നവനുമായിരിക്കും. അനുസരണത്തിൽ കാലത്തിന്റെ ഖലീഫയേയും ജമാഅത്തിന്റെ വ്യവസ്ഥിതിയേയും അനുസരിക്കലും അനുധാവനവും ഉൾപ്പെടുന്നു. താൻ വലിയ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നവനാണെന്നും തന്റെ പക്കൽ വലിയ അറിവുണ്ടെന്നും തനിക്ക് ഒരു വ്യവസ്ഥിതിയുടേയും ആവശ്യമില്ലെന്ന് പറയുന്നതുമായ രീതി അല്ലാഹുവിന് ഇഷ്ടപ്പെട്ടതല്ല. ഇക്കാലഘട്ടത്തിൽ അല്ലാഹു ഒരു ജമാഅത്ത് രൂപീകരിക്കാനാഗ്രഹിക്കുകയും അവൻ രൂപീകരിക്കുകയും ചെയ്തു. അതിനാൽ അതുമായി ചേർന്നിരിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കൽ നല്ല കാര്യമാണെന്നതിൽ സംശയമില്ലെന്നും പക്ഷേ, *ഇന്നനീ മിനൽ മുസ്‌ലിമീൻ* എന്ന് വിളംബരം ചെയ്യേണ്ടത് നിർബന്ധമാണെന്നും അല്ലാഹു പറഞ്ഞു. അതായത് ഞാൻ അനുസരണത്തിന്റെ ഉയർന്ന നിലവാരം നിലനിറുത്തിക്കൊണ്ട് അനുധാവനത്തിന്റെ വിളംബരവും ചെയ്യുന്നു. ഒരു സത്യവിശ്വാസിക്ക്, ഒരു നല്ല കാര്യം പറയുന്നയാൾക്ക് ഉന്നത മാതൃക കാണിക്കുന്നവന്റെ നിലവാരം കരസ്ഥമാകുന്നതും ഫലപ്രദമാകുന്നതും താൻ അനുധാവനം ചെയ്യുന്നവരിൽപ്പെട്ടവനാണെന്ന് വിളംബരം ചെയ്യുമ്പോഴാണ്; ഞാൻ അല്ലാഹു ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥിതിയെ പൂർണമായി അനുധാവനം ചെയ്യുകയും അനുസരിക്കുകയും ചെയ്യുന്നു.

അഹ്മദികളായ നമുക്ക് സമ്പൂർണമായ അനുസരണത്തിന്റെ ഈ നിലവാരം സ്ഥാപിതമാകുന്നത്, നമ്മുടെ തബ്‌ലീഗ് വിജയപ്രദമാകുന്നത്, നമ്മുടെ നന്മകൾ സൽക്കർമങ്ങളെന്ന് പറയപ്പെടുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ഖിലാഫത്ത് വ്യവസ്ഥിതിയേയും ഖിലാഫത്തിനു കീഴിലുള്ള വ്യവസ്ഥിതിയേയും പൂർണമായും അനുസരിക്കുന്നവരാകുമ്പോഴും സഹായിക്കുന്നവരാകുമ്പോഴുമാണ്. നമ്മുടെ വ്യക്തിപരവും സംഘടിതവുമായ പരിശ്രമങ്ങളിൽ അനുഗ്രഹമുണ്ടാകുന്നത് ജമാഅത്തിന്റെ ഓരോ വ്യക്തിയും ഓരോ ഭാരവാഹിയും ഓരോ ഉദ്യോഗസ്ഥനും ഓരോ മുറബ്ബിയും വ്യവസ്ഥിതിയെ മനസിലാക്കുന്നവരും പരസ്പരം കടമകൾ നിർവഹിക്കുന്നവരുമാകുമ്പോഴാണ്.

അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ചും നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ചും നിങ്ങളിൽ അർപിതമായ ജോലികളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചിട്ടുള്ളതെന്നതിൽ സംശയമില്ല. അത് ഇൻശാഅല്ലാഹ് പൂർത്തിയാകേണ്ടതുണ്ട്. കുറച്ച് അവിടത്തെ ജീവിതത്തിൽ പൂർത്തിയായി, കുറച്ച് അവിടത്തെ(അ) ജീവിത ശേഷം പൂർത്തിയാകേണ്ടതുമായിരുന്നു. അത് പൂർത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നിങ്ങൾ മുഖേന ഇസ്‌ലാമിന്റെ സന്ദേശവും ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കൊണ്ടിരിക്കുന്നു. മെല്ലെമെല്ലെ പരിശുദ്ധഹൃദയക്കാർ, അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ മടിത്തട്ടിൽ വന്നുകൊണ്ടിരിക്കുന്നു. അല്ലാഹു ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ തന്റെ പ്രവാചകന്മാരെ അയക്കുന്നത് അവ പൂർത്തിയാക്കുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

*കതബല്ലാഹു ലഅഗ്‌ലിബന്ന അന വ റുസുലീ.* (അൽമുജാദല: 22) ഞാനും എന്റെ റസൂൽമാരും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും പല പ്രാവശ്യവും ഈ ഇൽഹാമുണ്ടായിട്ടുണ്ട്. ഇൽഹാമിലൂടെ അദ്ദേഹത്തോടും അല്ലാഹു പറഞ്ഞിട്ടുണ്ട്. (തദ്കിറ പേജ് 84 നാലാം പതിപ്പ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിന് വിശദീകരണം നല്കിക്കൊണ്ട് ഒരു സ്ഥലത്തു പറയുന്നു: "ഇത് അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമമാണ്. ഭൂമിയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ട കാലംമുതൽ എപ്പോഴും ഈ സുന്നത്ത് അവൻ പ്രകടമാക്കിക്കൊണ്ടിരുന്നു; അവൻ തന്റെ നബിമാരേയും റസൂൽമാരേയും സഹായിക്കുന്നു; അവർക്ക് വിജയം നല്കുന്നു. *കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ* എന്ന് അവൻ പറഞ്ഞതുപോലെ! റസൂൽമാരുടേയും നബിമാരുടേയും ഉദ്ദേശ്യം അല്ലാഹുവിന്റെ ഹുജ്ജത്ത് അഥവാ ന്യായപൂർത്തി ഭൂമിയിൽ പൂർത്തിയാകണമെന്നും അതിനെ നേരിടാൻ ആർക്കും കഴിയരുതെന്നുമാണ്. ഇതാണ് വിജയംകൊണ്ടുള്ള ഉദ്ദേശ്യം. ഇതുപോലെ അല്ലാഹു ശക്തമായ ദൃഷ്ടാന്തങ്ങളോടുകൂടി അവരുടെ സത്യം വെളിപ്പെടുത്തുന്നു. ഏതൊരു സന്മാർഗമാണോ അവൻ ഭൂമിയിൽ വ്യാപിപ്പിക്കാനാഗ്രഹിക്കുന്നത് അവരെക്കൊണ്ട് അതിന്റെ വിത്ത് ഇടുവിപ്പിക്കുന്നു."(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാല്യം 20 പേജ് 304)

അവിടന്ന് പറയുന്നു: "തന്റെ റസൂൽ എപ്പോഴും വിജയിച്ചുകൊണ്ടിരിക്കുമെന്ന് തന്റെ നിയമവും സുന്നത്തുമായി ആദികാലം മുതലേ അല്ലാഹു വിധിയെഴുതിയിരിക്കുകയാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് പറയുന്നു: "ഞാൻ അവന്റെ റസൂലാകുന്നു. അതായത് അവൻ നിയോഗിച്ചയച്ച ദൂതനാകുന്നു, എന്നാൽ, പുതിയ ശരീഅത്തോ പുതിയ പേരോ ഒന്നും എനിക്കില്ല. മറിച്ച് ആ നബികരീം(സ) തിരുമേനിയുടെ നാമം പ്രാപിച്ചുകൊണ്ടും അദ്ദേഹത്തിൽ ആയിക്കൊണ്ടും അദ്ദേഹത്തിന്റെ പ്രതിഭയായും വന്നിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, പുരാതന കാലം മുതലേ, ആദമിന്റെ കാലം മുതലേ നബി(സ) തിരുമേനിയുടെ കാലം വരെ എപ്പോഴും ഈ ആയത്തിന്റെ പൊരുൾ സത്യമായി പുലർന്നുവന്നു; ഇപ്പോൾ എന്റെ കാര്യത്തിലും സത്യമായി പുലരുന്നതാണ്."(നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ വാല്യം 18 പേജ് 380 –381)

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഏതൊരു ചെടിയാണോ അല്ലാഹു ലോകത്തിന്റെ മുക്കിലും മൂലയിലും നടാൻ ആഗ്രഹിക്കുന്നത് അത് നബി(സ) തിരുമേനിയ്ക്കിറങ്ങിയ ശരീഅത്തിന്റെ ചെടിയാണ്. അതിന്റെ സമ്പൂർണ പ്രചാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് വിധിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഏതൊരു സന്മാർഗമാണോ അല്ലാഹു ലോകത്ത് വ്യാപിപ്പിക്കാനാഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം തന്റെ റസൂൽമാരുടെ കൈയാൽ നടത്തുന്നു. ഇസ്‌ലാമിന്റെ സമ്പൂർണ പ്രചാരണത്തിന്റെ വിത്ത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന വിതപ്പിച്ചു. എന്നല്ല ചില പ്രദേശങ്ങളിൽ ആ വിത്തിന്റെ ഹരിതാഭമായ വിളവുകളും ആ മഹാത്മാവിന് കാണിച്ചു. പിന്നീട് അവിടന്ന് വിതച്ച വിത്തിന്റെ തൈകൾ ഖിലാഫത്ത് വ്യവസ്ഥിതി മുഖേന ലോകത്ത് വളർന്നുകൊണ്ടിരിക്കുന്നു. ആ മഹാത്മാവിന്റെ കൈകൾകൊണ്ട് അല്ലാഹു നട്ട അവന്റെ ചെടികൾ ലോകത്തിലെ മറ്റു രാഷ്ട്രങ്ങളിലും വളർന്നുകൊണ്ടിരിക്കുന്നു. ഇവിടേയും കൃഷിപ്പണിയുടെ വലിയ സമ്പ്രദായമുണ്ട്, ചെടികളുടെ നേഴ്സറി തയ്യാറാക്കി പിന്നീട് ആ ചെടികൾ എവിടെ വേണമെങ്കിലും കൊണ്ടുപോയി നടാൻ കഴിയുമെന്ന് കർഷകർക്ക് അറിയാം. ഇതേപോലെ അവിടത്തെ വിശുദ്ധ ഖുർആനിന്റെ ജ്ഞാനനിർഭരമായ തഫ്സീറിന്റെ നേഴ്സറി എപ്രകാരമാണോ അവിടന്ന് നമുക്ക് ഇസ്‌ലാമിന്റെ സന്ദേശം വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ വ്യക്തമാക്കി പറഞ്ഞുതന്നിട്ടുള്ളത് ലോകത്തിന്റെ മുക്കിലും മൂലയിലും നമ്മൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ലോകം ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തിൽ ആകർഷിതരായിക്കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഇസ്‌ലാമിന്റെ മനോഹരസന്ദേശം വ്യാപിക്കണമെന്നതിൽ ഒരു സംശയുമില്ല; വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതു സംബന്ധമായി സഹായിക്കുമെന്ന് പറഞ്ഞുകൊണ്ടുള്ള ധാരാളം ഇൽഹാമുകളും ആ മഹാത്മാവിന് ഉണ്ടായിട്ടുണ്ട്. *കതബല്ലാഹു ലഅഗ്‌ലിബന്ന അന വ റു*

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

*സുലി* എന്നത് വിവരിച്ചു കഴിഞ്ഞതാണ്. അതിനുപുറമേയും ധാരാളം ഇൽഹാമുകളുണ്ട്. ഒന്നു രണ്ടെണ്ണം പറയാം. ഉദാഹരണത്തിന് അല്ലാഹു പറഞ്ഞു: *യൻസ്വുറുക്കുമുല്ലാഹു ഫീ ദീനിഹി*(തദ്കിറ പേജ് 574 നാലാം പതിപ്പ്)അല്ലാഹു തന്റെ ദീനിൽ നിന്നെ സഹായിക്കുന്നതായിരിക്കും. അതായത് ഏതൊരു ജോലിയാണോ അവിടന്ന് ചെയ്തുകൊണ്ടിരിക്കുന്നത് അത് അല്ലാഹുവിന്റെ ദീനാണ്, ഇസ്ലാമാണ്. വേറൊരു ഇൽഹാമാണ് *യൻസ്വുറുക്കല്ലാഹു മിൻ ഇന്ദിഹീ* (തദ്കിറ പേജ് 39 നാലാം പതിപ്പ്) അല്ലാഹു തന്റെ ഭാഗത്തുനിന്ന് നിന്നെ സഹായിക്കുന്നതായിരിക്കും. പിന്നീടുണ്ടായ ഇൽഹാമാണ് "ഞാൻ നിനക്ക് ഭൂമിയുടെ അറ്റങ്ങൾ വരെ ആദരവോടുകൂടി പ്രശസ്തി നല്കുന്നതായിരിക്കും." (തദ്കിറ പേജ് 149 നാലാം പതിപ്പ്). ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആദരവ് സ്ഥാപിതമാകും. ഇസ്ലാമിന്റെ സന്ദേശമെത്തിക്കുന്ന കാരണത്താൽ സ്ഥാപിതമാകും. അല്ലാഹുവിൽനിന്ന് അത് സ്ഥാപിതമാകും. പിന്നീടുണ്ടായ ഇൽഹാമാണ്; ഇതെല്ലായിടത്തും പ്രശസ്തവും പറയപ്പെട്ടുവരുന്നതുമായ ഇൽഹാമാണ്: ഇതു പറയാനാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. "ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങൾവരെ എത്തിക്കുന്നതാണ്."(തദ്കിറ പേജ് 260 നാലാം പതിപ്പ്). ഇതെല്ലാവർക്കും അറിയുന്നതാണ്, എല്ലാവരും പറയുന്നതുമാണ്. അവിടത്തെ സന്ദേശം ലോകത്ത് എത്തണമെന്നതിൽ ഒരു സംശയവുമില്ല. ലോകം ആ മഹാത്മാവിനെ നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയായും ഒരു പഹൽവാൻ എന്ന നിലയിലും അറിയുന്നതാണ്; അറിഞ്ഞുകൊണ്ടിരിക്കുന്നു.

ഇപ്പോൾ എം.ടി.എ മുഖേന ലോകം മുഴുവൻ അല്ലാഹു നേരിട്ട് സന്ദേശമെത്തിച്ചുകൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു. മുമ്പേയും ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, 24 മണിക്കൂർ നിരന്തരം ടി.വി ചാനലുകൾ നടത്താനോ ലോകത്തിലെ വിവിധ ഭാഷകളിൽ പരിപാടികൾ തയ്യാറാക്കി സംപ്രേഷണം ചെയ്യാനോ ലോകത്തിലെ എല്ലാ സ്ഥലങ്ങളിലും അതിന്റെ പരിപാടി എത്തിക്കാനോ എന്റെ ഖുത്ബകളുടെ തർജമകൾ എത്തിക്കാനോ –7 ഭാഷയിൽ തത്സമയ തർജമയാണ് നടന്നു വരുന്നത്–കഴിയുന്നത്ര ഭൗതികമായ ചുറ്റുപാടുകൾ ഒരിക്കലും നമുക്കില്ലെന്നത് വസ്തുതയാണ്. ഇതെല്ലാം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടു ചെയ്ത വാഗ്ദാനങ്ങളുടെ ഫലമാണ്. പിന്നീട് എന്റെ ഖുത്ബകളും മറ്റു പരിപാടികളും മുഖേന, എം.ടി.എ യിലെ വിവിധ പരിപാടികൾ മുഖേന സൽപ്രകൃതക്കാർ അഹ്മദിയ്യത്തിൽ ചേർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

എങ്ങനെയാണ് എം.ടി.എ യിൽ വരുന്ന ഖുത്ബകളും മറ്റു പരിപാടികളും തങ്ങളിൽ സ്വാധീനം ചെലുത്തുന്നതെന്നും തങ്ങൾ അഹ്മദിയ്യത്തിനോടു താൽര്യമുള്ളവരാകുന്നതെന്നും, അല്ലാഹു അഹ്മദിയ്യത്തു സ്വീകരിക്കാൻ തൗഫീഖ് നല്കിയതെന്നും എനിക്കു ധാരാളമാളുകൾ എഴുതാറുണ്ട്. രണ്ടുമൂന്നു ദിവസമായി. Guadelope മുറബ്ബിയോടൊപ്പം അവിടത്തെ നവ അഹ്മദിയുടെ ഒരു പരിപാടി നടക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: 'അഹ്മദിയ്യത്തിനെ ഞാൻ പരിചയപ്പെട്ടു കഴിഞ്ഞു. പക്ഷേ, ഞാൻ ബയ്അത്ത് ചെയ്യുന്നുണ്ടായിരുന്നില്ല. ഖുത്ബകൾ കേട്ടതിനുശേഷം സംതൃപ്തിയായി. അതു മുഖേനയാണ് എനിക്ക് ബയ്അത്തു ചെയ്യാൻ പ്രചോദനമുണ്ടായത്.' ഇതു അല്ലാഹുവിന്റെ ജോലിയാണ്. അവന്റെ വാഗ്ദാനമാണ്. ഇതു പൂർത്തിയാകുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ്. ഇതിൽ നമ്മുടെ അല്ലെങ്കിൽ ഏതെങ്കിലും മാനുഷിക പരിശ്രമത്തിന്റെ കഴിവൊന്നുമില്ല. പക്ഷേ, ഏറ്റവും നല്ല മുഅ്മിനിന്റെ അടയാളമെന്നത് അല്ലാഹുവിന്റെ സ്നേഹത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുകയാണെന്നാണ് അല്ലാഹു പറയുന്നത്. അതിനാൽ അല്ലാഹു അവൻ സ്വയം ചെയ്തുകൊണ്ടിരിക്കുന്നതും ചെയ്യുമെന്ന് തീരുമാനിച്ചിട്ടുള്ളതുമായ തന്റെ ജോലിയിൽ നമ്മെ ഭാഗഭാക്കാക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു നമ്മെ പ്രതിഫലത്തിൽ ഭാഗഭാക്കാക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഏറ്റെടുത്തിട്ടുള്ള ജോലിയിൽ ഭാഗഭാക്കായി പ്രതിഫലത്തിൽനിന്ന് ഭാഗമെടുക്കുന്നതിന് ഓരോ അഹ്മദിയും പ്രാധാന്യം നല്കേണ്ടതാണ്; അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകുക.

ഇവിടെ സ്പെയിനിലുള്ള നിങ്ങൾ സമയമെടുത്ത് മാസത്തിൽ കുറഞ്ഞതു ഒന്നുരണ്ടു ദിവസം തബ്ലീഗിനു വിനിയോഗിക്കുക. ഇവിടത്തെ ആളുകളുടെ മാനസികാവസ്ഥ അനുസരിച്ച് തബ്ലീഗിനുള്ള വിവിധ മാർഗങ്ങൾ അന്വേഷിക്കുക. ഒരു സ്പെയിൻകാരനായ നവ അഹ്മദി എന്നെ കാണാൻ വന്നു. അദ്ദേഹം പറഞ്ഞു: 'ഏതുരീതിയിലാണോ നാം ഇവിടെ തബ്ലീഗ് ചെയ്യേണ്ടത് അങ്ങനെ നടക്കുന്നില്ല; ജമാഅത്ത് അങ്ങനെ ചെയ്യുന്നില്ല.' അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒന്നോ രണ്ടോ മുറബ്ബിക്കു പുറമെ മുറബ്ബിമാരും സ്പെയിൻകാരുടെ മനശാസ്ത്രം മനസ്സിലാക്കിക്കൊണ്ട് തബ്ലീഗ് ചെയ്യുന്നില്ല. അല്ലെങ്കിൽ എങ്ങനെ തബ്ലീഗ് ചെയ്യണമെന്ന് അവർക്കറിയില്ല. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ യൂറോപ്പിൽപെട്ടവരാണെന്നതിൽ സംശയമില്ല. പക്ഷേ, ഞങ്ങളുടെ മനഃശാസ്ത്രം യൂറോപിൽനിന്ന് കുറച്ച് വ്യത്യസ്തമാണ്. ഇപ്പോഴത്തെ അവസ്ഥകൾ കാരണത്താൽ യൂറോപ്പിലെ ജനങ്ങളെ പോലെ ഇസ്ലാമിനേയും മുസ്ലിംകളേയും ഞങ്ങൾ ഇവിടത്തുകർ ഭയപ്പെടുന്നുണ്ട്. യൂറോപ്പിന്റെ സ്വാധീനമാണത്. പക്ഷേ, അതിനോടൊപ്പം മുസ്ലിംകൾ ഒരു ദീർഘകാലം സ്പെയിനിൽ താമസിച്ച കാരണത്താൽ അറിയാത്തരീതിയിൽത്തന്നെ ഞങ്ങളുടെ ഉള്ളിൽ മുസ്ലിംകളുമായി ബന്ധം വെക്കണമെന്ന വികാരവുമുണ്ട്. അത് ഉത്സാഹിപ്പിക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ചും ചില പ്രദേശങ്ങളിൽ; അന്ദുലുസ് സംസ്ഥാനം പോലെ.

നമ്മുടെ കേന്ദ്ര തബ്ലീഗ് സെക്രട്ടറിയും ജമാഅത്തുകളിലെ തബ്ലീഗ് സെക്രട്ടറിമാരും മറ്റു ഭാരവാഹികളും അവസ്ഥകൾക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനോടൊപ്പം എല്ലാ അഹ്മദിയും ഖുദ്ദാമും അൻസ്വാറും ലജ്നയും തബ്ലീഗിൽ സമയം നല്കേണ്ടതുമാണ്. ഇവിടെ എഴുന്നൂർ, എണ്ണൂറു വർഷം മുമ്പേ വാളിന്റെ ശക്തികൊണ്ട് മുസ്ലിംകളെ ക്രിസ്ത്യാനികളാക്കിയിരുന്നു. പക്ഷേ, നമ്മൾ സ്നേഹവും പ്രീതിയും കൊണ്ട് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം മുഖേന മനസ്സുകളെ ജയിച്ചടക്കേണ്ടതാണ്. ജമാഅത്തിനേയും ഇസ്ലാമിനേയും വിശാലമായ നിലയിൽ ഇപ്പോൾ ഇവിടെ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്.

ടിവി ചാനലുകാരും പത്രങ്ങളും ജമാഅത്തിനെക്കുറിച്ച് എഴുതുന്നുണ്ട്. ഇതുമുഖേനയും തബ്ലീഗ് നടന്നുവരുന്നു. ഖുർത്വബായിലെ ഒരു പത്രത്തിന്റെ എഡിറ്ററോ ഉടമയോ ആണെന്ന് തോന്നുന്നു എന്നെ കാണാൻ വന്നു. എങ്ങനെയാണ് താൻ ജമാഅത്തിനെ കുറിച്ച് എഴുതുന്നതെന്ന് പറഞ്ഞ് അദ്ദേഹം പത്രം കാണിച്ചു. പേജ് മുഴുവൻ എഴുതിയിട്ടുണ്ടായിരുന്നു. ലണ്ടനിൽ നമ്മുടെ പീസ് സിമ്പോസിയം നടന്നപ്പോൾ അവിടേയും ഇവിടത്തെ ടിവി ചാനലുകാരുടേയും പത്രക്കാരുടേയും പ്രതിനിധികൾ പങ്കെടുത്തിരുന്നു. ടിവി ചാനലിന്റെ പ്രതിനിധികൾ ഞാനുമായി അഭിമുഖവും നടത്തി. പിന്നീട് ഇവിടെ വന്ന് തങ്ങളുടെ ചാനലിൽ ജമാഅത്തിനെ കുറിച്ചും ജമാഅത്ത് സമർപിക്കുന്ന ഇസ്ലാമിന്റെ സമാധാനഭരിതമായ അധ്യാപനത്തെ കുറിച്ചും ഒരു പരിപാടിയും കാണിച്ചു. ഞാനുമായി നടത്തിയ അഭിമുഖത്തിന്റെ ഒരു ഭാഗവും കാണിച്ചിരുന്നു. അതിനാൽ, 35,40 വർഷം മുമ്പേ ഉണ്ടായിരുന്നതല്ല സ്പെയിനിന്റെ ഇപ്പോഴത്തെ അവസ്ഥ.

ഇന്ന് സന്ദേശമെത്തിക്കുന്നതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് നമ്മുടെ ഭാഗത്ത് നിന്നാണ്. മൊറോക്കോ(Morocco)യിൽ നിന്നും മറ്റു അറേബ്യൻ രാജ്യങ്ങളിൽ നിന്നും ആളുകൾ വന്ന് ഇവിടെ വിവിധ നഗരങ്ങളിൽ താമസിക്കുന്നുണ്ട്. അവരുടെ പ്രദേശങ്ങളിൽ അറബി സംസാരിക്കുന്നവർ മുഖേന തബ്ലീഗ് ചെയ്യേണ്ടതാണ്. അറബി സാഹിത്യങ്ങൾ വിതരണം ചെയ്യേണ്ടതാണ്. ഇസ്ലാമിനേയും അഹ്മദിയ്യത്തിനേയും കുറിച്ചുള്ള സ്പാനിഷ് ഭാഷയിലെ സാഹിത്യങ്ങളെ കുറിച്ച് പറയുകയാണെങ്കിൽ, കഴിഞ്ഞ കുറച്ചുവർഷമായി യു.കെയിലേയും ജർമനയിലേയും പഠനം പൂർത്തിയാക്കിയ, ശാഹിദ് ഡിഗ്രി കരസ്ഥമാക്കി പ്രവർത്തനരംഗത്ത് വരാൻപോകുന്നവരെ സ്ഥിരമായി കർമരംഗത്ത് നിയമിക്കുന്നതിനു മുമ്പേ ഇവിടെ അയക്കാറുണ്ട്. അവർ എല്ലാ നഗരങ്ങളിലും ഈ സാഹിത്യങ്ങൾ വിതരണം ചെയ്യുന്നു.

എനിക്ക് തോന്നുന്നത് മൂന്നു മില്യണിലധികം ഇസ്ലാമിക സാഹിത്യങ്ങൾ വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞുവെന്നാണ്. ഇവിടെവരുന്ന പുതിയ മുറബ്ബിമാരുടെയും ജാമിആയിലെ വിദ്യാർഥികളുടെയും പൊതുവെയുള്ള പ്രതികരണവും ഇതുതന്നെയാണ്. പൊതുവെ ആദരവോടും ബഹുമാനത്തോടും കൂടി കാണുന്നവരാണ്, സാഹിത്യങ്ങൾ വായിക്കുന്നവരാണ്. വലിച്ചെറിയുന്നവർ വളരെ കുറച്ചേയുള്ളൂ. പൊതുവെ എല്ലാവരും വായിക്കുകയും പിന്നീട് പോക്കറ്റിലിടുകയും ചെയ്യുന്നു.

നമ്മുടെ ഒരു സ്പാനിഷ് വനിതയുണ്ട്. അവർ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

അഹ്മദിയായി ലണ്ടനിലാണ് താമസിക്കുന്നത്. അവിടെ നമ്മുടെ നൗമുബാഇഈൻ സെക്രട്ടറിയുടെ ഭാര്യയാണ്. അവരുടെ കുടുംബം ഇവിടെയാണ്. മാതാപിതാക്കൾ ഇവിടെയാണ്. അവരും ഇവിടെ വരാറുണ്ട്. വിവിധ സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും കോളേജുകളിലും പോയി തബ്ലീഗ് ചെയ്യുന്നു. അവർ ലണ്ടനിൽനിന്ന് വന്ന് അവസരങ്ങൾ അന്വേഷിക്കുന്നു; എങ്ങനെ ജമാഅത്തിനെ പരിചയപ്പെടുത്തണം, ഇസ്ലാമിന്റെ സന്ദേശം എത്തിക്കണം. അപ്പോൾ ഇവിടെ താമസിക്കുന്നവർക്ക് മുറബ്ബിമാർക്ക് അത്തരം അവസരങ്ങൾ എന്തുകൊണ്ട് സൃഷ്ടിക്കാൻ കഴിയില്ല. അതുകൊണ്ട് ഇവിടെ താമസിക്കുന്ന അഹ്മദീ ഭാരവാഹികളും മുറബ്ബിമാരും ഇക്കാര്യത്തിൽ ശക്തവും ആകർഷകവുമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഞാൻ പരിചയപ്പെടുത്തിയ സ്പാനിഷ് നവഅഹ്മദിയോടും ഞാൻ നിർദ്ദേശിച്ചത് താങ്കളുടെ അഭിപ്രായത്തിൽ തബ്ലീഗ് ചെയ്യാനുള്ള ഉത്തമമായ രീതികൾ എന്നെ എഴുതി അറിയിക്കുക എന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായം വന്നാൽ ഞാൻ അത് ഇവിടേക്ക് അയച്ചുതരാം. അത് നടപ്പിൽവരുത്താൻ പറ്റിയതാണെങ്കിൽ നിങ്ങൾക്ക് മനസ്സിലാകുന്നതാണെങ്കിൽ പിന്നീട് അതനുസരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

പക്ഷേ, പരസ്പരം സഹകരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വ്യക്തിപരമായ കാര്യങ്ങളിൽ നിന്നകന്ന് ജമാഅത്തുപരമായ നേട്ടങ്ങൾക്കു മുൻതൂക്കം കൊടുക്കേണ്ട ആവശ്യമുണ്ട്. നമ്മൾ അഹ്മദിയായിക്കൊണ്ട് നമ്മുടെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ട കാര്യം മനസിലാക്കേണ്ട ആവശ്യമുണ്ട്. ഒരു പ്രത്യേകമായ വികാരാവേശത്തോടും ഉത്സാഹത്തോടും അത് നിർവഹിക്കേണ്ടതുണ്ട്. വെറും വർഷത്തിനുശേഷം പുതിയ മുറബ്ബിമാർ ഒരു മാസത്തിന് ഇവിടെ വന്ന് സാഹിത്യങ്ങൾ വിതരണം ചെയ്യുന്നതുകൊണ്ട് ലക്ഷ്യം നിറവേറുകയില്ല. ഞാൻ അവരെ അയക്കാൻ തുടങ്ങിയത് ഒന്ന് നിങ്ങൾക്ക് അത് സഹായകമാകുമെന്നു കരുതിയാണ്. കാരണം ഇവിടെ അംഗങ്ങൾ കുറവാണ്. രണ്ടാമത്തേത് നിങ്ങളുടെ മനസിലും തബ്ലീഗ് ചെയ്യണമെന്നുള്ള താല്പര്യമുണ്ടാകും. അല്ലെങ്കിൽ ഭാഷ ശരിയായ നിലയിൽ കൈകാര്യം ചെയ്യാൻ സാധിക്കാത്തതുകൊണ്ട് കുറഞ്ഞപക്ഷം തബ്ലീഗ് ചെയ്യുന്നതിനുള്ള തടസം അകന്നുപോകുന്നതും എല്ലാവരും തബ്ലീഗ് പ്രവർത്തനങ്ങളിൽ ചേരുന്നതുമാണ്. പുതിയതായി വരുന്ന മുറബ്ബിമാർക്ക് ഭാഷ അറിയുകയില്ല. പക്ഷേ, എങ്കിലും എല്ലായിടത്തും അവർ പോകുന്നു. തങ്ങളുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നു.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ജോലി അവൻ യഥാർഥ മുഅ്മിനെ ഏല്പിച്ചിരിക്കുകയാണെന്നും അത് താൻ ചെയ്യേണ്ടതാണെന്നുമുള്ള ബോധമുണ്ടാക്കേണ്ട ആവശ്യമുണ്ട്. ഒരു തിളപ്പോടും ആവേശത്തോടുംകൂടി അതിൽ പങ്കെടുക്കേണ്ടതാണ്. ഈ ജോലിയിൽ ഏറ്റവുമധികം മുറബ്ബിമാരുടെ നിർബന്ധ കടമയാണുള്ളത്; അതായത് ആദ്യം തബ്ലീഗിനുള്ള വിവിധ വഴികൾ അന്വേഷിക്കുക. ജമാഅത്തംഗങ്ങളോടു പറയുകയും അവരെ കൂടെക്കൊണ്ടു നടക്കുകയും ചെയ്യുക. നാഷണൽ തബ്ലീഗ് സെക്രട്ടറി സാഹിബ് തബ്ലീഗിനെ കുറിച്ച് വലിയ വികാര പ്രകടനം നടത്തിക്കൊണ്ടിരിക്കുന്നു. അദ്ദേഹം തുറന്നു പറഞ്ഞില്ലെങ്കിലും ബജറ്റിന്റെ പ്രശ്നമുണ്ടെന്നാണ് തോന്നുന്നത്. ബജറ്റിന്റെ പ്രശ്നമുണ്ടെങ്കിൽ അതു പരിഹരിക്കേണ്ടത് ജമാഅത്ത് അമീറിന്റേയുംകൂടി ജോലിയാണ്; എനിക്കെഴുതുക. സെക്രട്ടറി തബ്ലീഗിനേയും മുറബ്ബിമാരേയും ജമാഅത്തംഗങ്ങളേയും ഇതിനുവേണ്ടി പൂർണമായും സഹായിക്കേണ്ടത് ജമാഅത്ത് അമീറിന്റേയും ജോലിയാണ്. മുമ്പേയും ചെലവുകളധികവും കേന്ദ്രമാണ് നിറവേറ്റിക്കൊണ്ടിരുന്നത്. ഇസ്ലാമിന്റെ നഷ്ടപ്പെട്ട പ്രൗഢി വീണ്ടും സ്ഥാപിക്കുന്നതിനുള്ള മാർഗം ഇതു തന്നെയാണ്. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യവും. അദ്ദേഹം കാലത്തിന്റെ അവസ്ഥയുടെ ചിത്രം വരച്ചുകാണിച്ചു. ഇസ്ലാമിന്റെ ഇപ്പോഴുള്ള അവസ്ഥ മുന്നിൽവെച്ച് തന്റെ മനസ്സിലെ വേദന പറഞ്ഞു. ഇസ്ലാമിന്റെ അന്തസ്സും ഗാംഭീര്യവും വീണ്ടും സ്ഥാപിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു: ഇസ്ലാമിന്റെ മഹത്ത്വം ലോകത്ത് വീണ്ടും സ്ഥാപിതമാകണം. ഇസ്ലാമിന്റെ ശത്രുക്കളുടെ ഗൂഢപദ്ധതികളെ അല്ലാഹു നിലംപരിശാക്കാൻ ആഗ്രഹിക്കുന്നു. നിലപരിശാക്കാൻ പോകുകയാണ്. ഇതിനുവേണ്ടിയാണ് അല്ലാഹുതന്നെ അയച്ചിരിക്കുന്നതെന്നും, ജമാഅത്ത് രൂപീകരിക്കാൻ ഏർപാടാക്കിയെതെന്നും അല്ലാഹു ഇപ്പോൾ ഈ ജമാഅത്തിന്റെ മഹത്വം കാണിച്ചുകൊണ്ടിരിക്കുന്നുവെന്നും പറഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ഇതു എത്രമാത്രം അനുഗൃഹീതമായ കാലമാണ്. അല്ലാഹു കോലാഹലങ്ങൾ നിറഞ്ഞ ഈ ദിനങ്ങളിൽ തന്റെ കൃപയൊന്നുകൊണ്ടുമാത്രം നബി(സ)തിരുമേനിയുടെ മഹത്ത്വം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഈ അനുഗൃഹീതമായ തീരുമാനമെടുത്തിരിക്കുന്നു.” (അല്ലാഹു ഈ കലാപകലുഷിതമായ കാലഘട്ടത്തിൽ തന്റെ ഫള്ലൊന്നുകൊണ്ടുമാത്രം നബി(സ) തിരുമേനിയുടെ മാഹാത്മ്യം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഈ അനുഗൃഹീത തീരുമാനം എടുത്തിരിക്കുന്നു). “അദൃശ്യത്തിലൂടെ ഇസ്ലാമിനെ സഹായിക്കാൻ ഏർപാടു ചെയ്തു. ഒരു ജമാഅത്ത് രൂപീകരിച്ചു. ഇസ്ലാമിന്റെ കാര്യത്തിൽ വേദനിക്കുന്നവരോടും അതിന്റെ ആദരവും ബഹുമാനവും മനസിലുള്ളവരോടും ഞാൻ ചോദിക്കട്ടെ, ഇത്രമാത്രം അക്രമങ്ങളും പരിഹാസങ്ങളും നബി(സ) തിരുമേനിയുടെമേൽ ചെയ്യപ്പെടുന്നതും വിശുദ്ധഖുർആനിനെ അപമാനിക്കുന്നതുമായ ഏതെങ്കിലും കാലം ഇക്കാലത്തേക്കാൾ കൂടുതൽ സങ്കീർണമായി ഇസ്ലാമിനുമേൽ വന്നുഭവിച്ചിട്ടുണ്ടോ? മുസ്ലീംകളുടെ അവസ്ഥ ഓർത്ത് എനിക്കു കഠിനമായ ദുഃഖവും വിഷമവുമുണ്ടാകുന്നു. ചില സമയത്ത് ഞാൻ ഈ വിഷമത്താൽ അനിയന്ത്രിതനായി പോകുന്നു; അവരിൽ ഈ അനാദരവിനെ മനസ്സിലാക്കാനുള്ള ബോധംപോലും ഇല്ലല്ലോ? നബി(സ)തിരുമേനിക്ക് അന്തസുണ്ടാകുന്നത് അല്ലാഹു ഒട്ടും ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നുണ്ടായിരിക്കേ, ഇത്തരം അക്രമപരമായ അവസ്ഥ കണ്ടിട്ടും എതെങ്കിലും ദൈവികമായ ജമാഅത്ത് രൂപീകരിക്കണമെന്നോ ഇസ്ലാം വിരുദ്ധരുടെ വായടച്ച് നബി(സ)തിരുമേനിയുടെ മഹത്ത്വവും പരിശുദ്ധിയും ലോകത്ത് പരത്തണമെന്നോ ഉള്ള ഒരു ചിന്തയും അല്ലാഹുവിനില്ലെന്നാണോ? നബി(സ)തിരുമേനിയെ നിന്ദിക്കുന്ന ഈ നേരത്ത് ആ സ്വലാത്ത് ചൊല്ലേണ്ടത് എത്രകണ്ട് നിർബന്ധമാണ്. അതിന്റെ പ്രകടനം അല്ലാഹു ഈ ജമാഅത്തിന്റെ രൂപത്തിൽ ചെയ്തിരിക്കുന്നു. (അതായത് അഹ്മദിയ്യാ ജമാഅത്ത് രൂപീകരിച്ചുകൊണ്ട്). നബി(സ)തിരുമേനിയുടെ കളഞ്ഞുപോയ മാഹാത്മ്യം വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു; വിശുദ്ധ ഖുർആനിന്റെ സത്യതകൾ ലോകത്തിനു കാണിക്കുന്നതിനുവേണ്ടിയും. ഈ എല്ലാ ജോലികളും നടന്നു വരുന്നു. കണ്ണിൽ തുണികെട്ടിയിട്ടുള്ളവന് ഇതു കാണാൻ കഴിയുകയില്ല. വാസ്തവത്തിൽ ഇപ്പോൾ ഈ ജമാഅത്ത് സൂര്യനെപ്പോലെ പ്രകാശിക്കുകയാണ്. അതിന്റെ ദൃഷ്ടാന്തങ്ങൾക്കും അടയാളങ്ങൾക്കും എത്രത്തോളം സാക്ഷികളാണുള്ളതെന്നാൽ, അവരെയെല്ലാം ഒരിടത്ത് ഒരുമിച്ചുകൂട്ടിയാൽ, അവരുടെ അംഗസംഖ്യ ഭൂമിലോകത്ത് ഒരു രാജാവിനും അത്ര വലിയ സൈന്യമുണ്ടാകുകയില്ല. ഈ ജമാഅത്തിന്റെ സത്യത്തിന് എത്രമാത്രം രൂപങ്ങളാണോ ഉള്ളത് അതെല്ലാം വിവരിക്കുക എന്നതും എളുപ്പമല്ല. കാരണം ഇസ്ലാം അങ്ങേയറ്റം നിന്ദിക്കപ്പെട്ടിരുന്നു. അതുകൊണ്ട് അല്ലാഹു ആ നിന്ദ്യതയുടെ അടിസ്ഥാനത്തിൽ അതേ അളവിൽ ഈ ജമാഅത്തിന്റെ മഹത്ത്വത്തെ കാണിച്ചിരിക്കുകയാണ്.” (മൽഫൂദാത്ത് വാല്യം 5 പേജ് 13–15, 1985 ലണ്ടൻ പതിപ്പ്)

ഈ മഹത്ത്വം അല്ലാഹു കാണിച്ചുകൊണ്ടിരിക്കുന്നുവെന്നതിന് നമ്മൾ സാക്ഷികളാണ്. ഇവിടേയും പ്രസ്സിന്റേയും ജനങ്ങളുടേയും ശ്രദ്ധ ഉണ്ടായിട്ടുണ്ട്. ലോകത്തിലെ ചില രാജ്യങ്ങളിൽ അതിന്റെ തുറന്ന പ്രകടനവും നടന്നുവരുന്നു. തീർച്ചയായും ഇക്കാര്യങ്ങളെല്ലാം ഹദ്റത്ത് മസീഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. ഞാൻ മുമ്പേയും പറഞ്ഞതുപോലെ അല്ലാഹുവിന്റെ ജോലി അവൻ സ്വയം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, അതിൽ നമ്മെ അവൻ ഭാഗഭാക്കാക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അതിൽ നല്ലരീതിയിൽ ഭാഗഭാക്കാകുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു ആയുസ്സു വർധിപ്പിക്കണമെങ്കിൽ തബ്ലീഗ് ജോലിയിൽ മുഴുകുക എന്നു പറഞ്ഞുകൊണ്ട് പറയുന്നു: “തങ്ങളുടെ ജോലിയെ സംബന്ധിച്ചും ഉദ്ദേശ്യത്തെക്കുറിച്ചും എല്ലാവരും പരിചയമുള്ളവരായിരിക്കണമെന്നില്ല. കന്നുകാലികളെപോലെ തിന്നുകയും കുടിക്കുകയും ചെയ്യുക എന്നതായിരിക്കും ചിലരുടെ ജോലി. അവർ മനസ്സിലാക്കുന്നത് ഇത്ര മാംസം തിന്നണമെന്നാണ്. ഇന്നയിന്ന വസ്ത്രം ധരിക്കണമെന്നാണ്. അവർക്ക് ഒരു കാര്യത്തെക്കുറിച്ചും ശ്രദ്ധയോ ചിന്തയോ ഉണ്ടാകുകയില്ല. അത്തരത്തിലുള്ള ആൾ പിടിക്കപ്പെടുമ്പോൾ ആ പിടിത്തത്തിൽതന്നെ അവരുടെ അവസാനമായിരിക്കും.” പറഞ്ഞു: “പക്ഷേ ആരാണോ ദീനീ സേവനത്തിൽ മുഴുകുന്നത്, അവരോട് മൃദുലസമീപനമുണ്ടാകുന്നു. അവർ ആ ജോലി അല്ലെങ്കിൽ സേവനം തികച്ചും ചെയ്തുതീർക്കുന്നതുവരെ.”പറഞ്ഞു: “മനുഷ്യൻ തന്റെ ആയുസ് വർധിപ്പിക്കാനാഗ്രഹിക്കുന്നെങ്കിൽ, കഴിയുന്നിടത്തോളം ദീനിനു വേണ്ടിമാത്രം തന്റെ ജീവിതം വഖ്ഫ് ചെയ്യുക. ഓർക്കുക! അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയുകയില്ല. ആരാണോ അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുന്നത്, അവൻ തന്റെ ആത്മാവിനെയാണ് വഞ്ചിക്കുന്നത്. അവൻ നാശമടയുന്നതായിരിക്കും.” അവിടന്ന് പറയുന്നു: “ആയുസ്സു വർധിപ്പിക്കുന്നതിന് ഇതിനേക്കാൾ വലിയ കുറിപ്പടിയില്ല; അതായത് മനുഷ്യൻ ആത്മാർഥതയോടും കൂറു പുലർത്തിക്കൊണ്ടും ഇസ്ലാമിന്റെ ഉന്നതിക്കുള്ള പ്രവർത്തനത്തിൽ മുഴുകുക. ദീനിസേവനത്തിൽ നിരതനാകുക. ഇക്കാലത്ത് ഈ കുറിപ്പടി വളരെയേറെ പ്രയോജനപ്പെടുന്നതാണ്. കാരണം ഇന്ന് ദീനിന് അത്തരം ആത്മാർഥരായ സേവകരുടെ ആവശ്യമുണ്ട്. ഇക്കാര്യമില്ലെങ്കിൽ പിന്നെ ആയുസിന് ഒരു ജാമ്യവുമില്ല. അതങ്ങനെയങ്ങ് കഴിഞ്ഞുപോകുന്നതായിരിക്കും.”(മൽഫൂദാത്ത് വാല്യം 6 പേജ് 329–330, 1985 ലണ്ടൻ പതിപ്പ്)

തബ്ലീഗ് ചെയ്യാൻ പറഞ്ഞുകൊണ്ട് ഹദ്റത്ത് അലി(റ)യെ നബി(സ)തിരുമേനി ഉപദേശിച്ചത് നമുക്ക് ഇന്നും സുവർണമായ ഉപദേശമാണ്. നബി(സ)തിരുമേനി ഒരവസരത്തിൽ ഹദ്റത്ത് അലിയെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: "അല്ലാഹുവാണ! നീ മുഖേന ഒരാളാണ് സന്മാർഗം പ്രാപിക്കുന്നതെങ്കിലും അത് നിനക്ക് മേത്തരം ചെമന്ന ഒട്ടകങ്ങൾ കിട്ടുന്നതിനേക്കാൾ ഉത്തമമാണ്." (സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് 2942).

ചെമന്ന ഒട്ടകം അക്കാലത്ത് വളരെ വിലപിടിച്ചതായി മനസ്സിലാക്കിയിരുന്നു. ചെമന്ന ഒട്ടകമുള്ളയാൾ വലിയ സമ്പന്നനാണെന്ന് കരുതിയിരുന്നു. അവിടന്ന് പറഞ്ഞു: നിങ്ങൾ തബ്ലീഗ് ചെയ്യുകയും, ഏതെങ്കിലും മനുഷ്യന്റെ സന്മാർഗത്തിനുള്ള മാർഗവുമാകുകയാണെങ്കിൽ ഈ ഭൗതികവസ്തുക്കളൊന്നും അതിന്റെ മുമ്പിൽ ഒരു വിലയുമില്ലാത്തതാണ്.

അതിനാൽ നിസംശയം, ഇവിടെ നിങ്ങൾ വന്നിരിക്കുന്നതിൽ ദുൻയാവ് സമ്പാദിച്ചുകൊള്ളുക. പക്ഷേ, കുറച്ച് സമയവും പ്രബോധനത്തിനും നല്കേണ്ടത് നിർബന്ധമാണ്. ഞാൻ മാസത്തിൽ ഒന്നോ രണ്ടോ ദിവസമെന്നാണ് പറഞ്ഞത്; അതിനെക്കാൾ കൂടുതൽ നിങ്ങൾ നല്കേണ്ടതാണ്. അതുമുഖേന ദുൻയാവും കിട്ടും. അല്ലാഹുവും സംതൃപ്തനാകും. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, തബ്ലീഗ് ചെയ്യുന്ന കാരണത്താൽ നിങ്ങളുടെ മതപരമായ അറിവും വർധിക്കും. നബി(സ) തിരുമേനി പറഞ്ഞു: നല്ല പ്രവൃത്തിയിലേക്കും, സന്മാർഗത്തിലേക്കും വിളിക്കുന്നവന് അതനുസരിച്ച് പ്രവൃത്തിക്കുന്നതിന് കിട്ടുന്നത്ര പ്രതിഫലം ലഭിക്കുന്നതാണ്; അവനാണെങ്കിൽ പ്രതിഫലത്തിൽ കുറവൊന്നും വരികയുമില്ല. (സ്വഹീഹ്, മുസ്ലിം, കിതാബുൽഇൽമ്, ഹദീഥ്– 6804)

ഞാൻ ആദ്യമോതിയ ആയത്തിന്റെ വിശദീകരണമാണിത്. അല്ലാഹുവിലേക്ക് വിളിക്കുന്നവനെക്കാൾ ഉത്തമൻ ആരാണ്? വിളിക്കുന്നവനും പ്രതിഫലം കിട്ടുന്നു; നന്മ ചെയ്യുന്നതിനും പ്രതിഫലം കിട്ടും. ആർക്കാണോ സന്മാർഗം ലഭിച്ചത് അവന്റെ പ്രതിഫലവും കിട്ടുന്നു. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർക്ക് ഭൗതികസമ്മാനവും കിട്ടി. ആയുസിലും ബർക്കത്തുണ്ടായി. പുണ്യകർമത്തിന്റെ പ്രതിഫലവും കിട്ടി. അതിനാൽ അല്ലാഹുവിന്റെ അനന്തരാവകാശിയാകുന്നതിന് നമുക്കും ആവശ്യമുണ്ട്. ഇപ്പോൾ തബ്ലീഗിനും ദുൻയാവിന്റെ സന്മാർഗത്തിലും സമയം ചെലവഴിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു ഈ സുപ്രധാന സേവനം, അത് ഇസ്ലാമിന്റെ സേവനമാണ് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: 'ഇപ്പോൾ സമയം വളരെ ഇടുങ്ങിയതാണ്. ഞാൻ ആവർത്തിച്ച് ഉപദേശിക്കാറുണ്ട്. 18,19 വയസുള്ള യുവാവ് ഇനി ഒരുപാട് സമയം ബാക്കിയുണ്ടെന്ന് ഒരിക്കലും കരുതരുത്. തന്റെ ശരീരബലത്തിലും ആരോഗ്യത്തിലും അഹങ്കരിക്കരുത്. ഇപ്രകാരംതന്നെ നല്ല അവസ്ഥയിലുള്ള ഒരുവൻ തന്റെ വ്യക്തിത്വത്തിലും വിശ്വാസംകൊള്ളരുത്. കാലം പരിവർത്തനത്തിലാണുള്ളത്. ഇതു അന്തിമ കാലമാണ്. അല്ലാഹു സത്യവാനേയും അസത്യവാനേയും പരീക്ഷിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ സത്യസന്ധതയും കൂറും കാണിക്കേണ്ട സമയമാണ്. അവസാന അവസരം നല്കപ്പെട്ടിരിക്കുകയാണ്. ഈ സമയം പിന്നീട് കൈയിൽ കിട്ടുകയില്ല. എല്ലാ നബിമാരുടേയും പ്രവചനങ്ങൾ ഇവിടെ വന്ന് അവസാനിക്കുന്ന സമയമാണിത്; മനുഷ്യകുലത്തിനു സേവനം ചെയ്യാൻ നല്കപ്പെട്ടിരിക്കുന്ന അവസാന അവസരമാണിത്. ഇതിനുശേഷം ഒരു അവസരവുമുണ്ടാകുകയില്ല. ഈ അവസരം നഷ്ടപ്പെടുത്തുന്നവൻ വലിയ ദൗർഭാഗ്യവാനാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വെറും നാവുകൊണ്ട് ബയ്അത്ത് പ്രതിജ്ഞ ഏറ്റുപറയുന്നതിൽ ഒരു കാര്യവുമില്ല. നിങ്ങൾ ശ്രമിക്കുകയും അല്ലാഹു നിങ്ങളെ സത്യവാനാക്കുന്നതിനു അവനോടു ദുആ ഇരക്കുകയും ചെയ്യുക. ഞാൻ അവതരിപ്പിച്ച അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. ഞാൻ അവതരിപ്പിച്ച വഴിയിലൂടെ നടക്കുക."(മൽഫൂദാത്ത് വാള്യം 6 പേജ് 26329–264, 1985 ലണ്ടൻ പതിപ്പ്)

കശ്തിയെ നൂഹിനെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞതുപോലെ നമ്മുടെ അധ്യാപനം എന്ന ഭാഗം തീർച്ചയായും ഒരു അഹ്മദി വായിക്കേണ്ടതാണ്; എന്നല്ല കശ്തിയെ നൂഹ് എന്ന ഗ്രന്ഥം മുഴുവനും വായിക്കേണ്ടതാണ്.(മൽഫൂദാത്ത് വാള്യം 3 പേജ് 408, 1985 ലണ്ടൻ പതിപ്പ്)

നമുക്ക് അല്ലാഹുവിലേക്ക് വിളിക്കാൻ തൗഫീഖ് കിട്ടുന്നതിനും നമുക്ക് സൽക്കർമങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടുന്നതിനും കശ്തിയെ നൂഹിലെ നമ്മുടെ അധ്യാപനം എന്ന ഭാഗം മാർഗദർശനം നല്കുന്നതാണ്. ഈ അധ്യാപനമാണ് നമ്മെ ഉത്തമരായ മുഅ്മിനീങ്ങളാക്കുന്നത്.

സൽക്കർമങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ജനങ്ങൾ ലാഇലാ ഇല്ലല്ലായിൽ വിശ്വസിക്കുന്നത് പൊതുദൃഷ്ടിയിൽ കാണുന്നുണ്ട്. നബി(സ)തിരുമേനിയേയും നാവുകൊണ്ട് സാക്ഷ്യപ്പെടുത്തുന്നു. ബാഹ്യമായി നമസ്കരിക്കുന്നുമുണ്ട്. നോമ്പും പിടിക്കുന്നു. എന്നാൽ, വാസ്തവമെന്താണെന്നാൽ ആത്മീയത ലവലേശം അവശേഷിച്ചിട്ടില്ല. മറുഭാഗത്ത് സൽക്കർമങ്ങൾക്ക് വിരുദ്ധമായ പണി ചെയ്യുന്നതുതന്നെ വിളിച്ചോതുന്നത് അവർ സൽകർമങ്ങൾ അതിന്റെ വർണത്തിലല്ല ചെയ്യുന്നതെന്നാണ്."(അല്ലാഹുവിന്റെ കല്പനകൾക്കു വിരുദ്ധമായിട്ടാണ് എല്ലാ പ്രവൃത്തിയും ചെയ്യുന്നത്. ഇത് സ്ഥാപിക്കുന്നത് മുസ്ലീംകൾ ചെയ്യുന്ന പ്രവൃത്തികളൊന്നും സൽക്കർമമല്ലെന്നാണ്. ഇനി അഥവാ എന്തെങ്കിലും നന്മകൾ ചെയ്യുന്നുണ്ടെങ്കിൽത്തന്നെ അത് കേവലം) ശീലമെന്ന നിലയിൽ ചെയ്തുപോകുന്നതാണ്. കാരണം അവയിൽ ആത്മാർഥതയുടേയും ആത്മീയതയുടേയും വെളിച്ചം തന്നെയില്ല. അല്ലെങ്കിൽ എന്തുകൊണ്ട് അവർ ചെയ്യുന്ന കർമങ്ങളിൽ അനുഗ്രഹമുണ്ടാകുന്നില്ല. നല്ലവണ്ണം ഓർത്തുകൊള്ളുക! സത്യഹൃദയത്തോടും ആത്മീയതോടുംകൂടി ഈ കർമങ്ങൾ ഉണ്ടാകാത്തിടത്തോളം ഒരു ഫലവുമുണ്ടാകുകയില്ല. അത് കർമങ്ങളുടെ ഫലം ചെയ്യുകയുമില്ല. സൽക്കർമം എന്നു പറയപ്പെടുന്നത് അവയിൽ ഒരു തരത്തിലുള്ള കുഴപ്പവും ഉണ്ടാകാതിരിക്കുമ്പോഴാണ്. ഫസാദിന്റെ വിപരീതമാണ് സ്വലാഹ്. സ്വാലിഹ് (സാത്വികൻ) കുഴപ്പങ്ങൾക്ക് അതീതനും പവിത്രനും ആയിരിക്കുന്നവനാണ്. ആരുടെ നമസ്കാരങ്ങളിലാണോ കുഴപ്പമുള്ളത്, ശാരീരികോദ്ദേശ്യങ്ങൾ മറഞ്ഞിരിക്കുന്നത് അവരുടെ നമസ്കാരങ്ങൾ ഒരിക്കലും അല്ലാഹുവിനു വേണ്ടിയുള്ളതല്ല. അവൻ ഭൂമിയിൽനിന്ന് ഒരു ചാൺപോലും മുകളിൽ പൊങ്ങുകയില്ല. കാരണം അത് ആത്മാർഥതയുടെ ആത്മാവല്ല; ആത്മീയതയിൽ നിന്ന് ശൂന്യമാണ്."(മൽഫൂദാത്ത് വാള്യം 6 പേജ് 237, 1985 ലണ്ടൻ പതിപ്പ്)

സൽക്കർമങ്ങളുടെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഓർമിക്കുക! അല്ലാഹു റൂഹിലും റൂഹാനിയത്തിലുമാണ് നോക്കുന്നത്. അവൻ ബാഹ്യമായ കർമങ്ങളിൽ നോക്കാറില്ല. അവൻ അവയുടെ യാഥാർഥ്യത്തിലും ആഭ്യന്തരാവസ്ഥയിലുമാണ് നോക്കുന്നത്. അവരുടെ കർമങ്ങളുടെ അടിത്തട്ടിൽ സ്വാർഥതയും ഈഗോയുമുണ്ടോ എന്ന്! അല്ലെങ്കിൽ അല്ലാഹുവിനോടു സത്യമായ അനുസരണവും ആത്മാർഥതയും ഉണ്ടോ എന്ന് നോക്കുന്നു! എന്നാൽ, മനുഷ്യൻ ചിലനേരത്ത് ബാഹ്യമായ കർമങ്ങൾ കണ്ട് വഞ്ചിക്കപ്പെടുന്നു. ആരുടെ കൈയിലാണോ തസ്ബീഹ് മാലയുള്ളത്, അല്ലെങ്കിൽ തഹജ്ജുദും ഇശ്റാഖും നമസ്കരിക്കുന്നത് ബാഹ്യമായി പുണ്യാത്മാക്കളുടേയും മഹാത്മാക്കളുടേയും പ്രവൃത്തികൾ ചെയ്യുന്നത് (വലിയ പുണ്യകർമങ്ങൾ ചെയ്യുന്നത്)അവ വലിയ നന്മയായി മനസ്സിലാക്കുന്നു."(ഒരു മനുഷ്യൻ തസ്ബീഹ് മാലയും പിടിച്ചു നടക്കുകയാണെങ്കിൽ പൊതുവെ ജനങ്ങൾ അയാളെ വലിയ പുണ്യാത്മാവായി കരുതുന്നു). എന്നാൽ, അല്ലാഹുവിന് പുറന്തോട് ഇഷ്ടമല്ല. (ബാഹ്യമായിട്ടുള്ള കാര്യങ്ങൾ അല്ലാഹുവിന് ഇഷ്ടമല്ല). ഇത് പുറന്തോടും തൊണ്ടുമാണ്. അല്ലാഹു അതിനെ ഇഷ്ടപ്പെടുന്നില്ല. കൂറും സത്യസന്ധതയുമില്ലാത്തിടത്തോളം അവൻ തൃപ്തനാകുകയില്ല." അവിടന്ന് പറഞ്ഞു: "നന്ദിയില്ലാത്ത മനുഷ്യൻ ചത്ത ദുൻയാവിന്റെമേൽ പതിഞ്ഞു കിടക്കുന്ന നായയെ പോലെയാണ്. അത് ബാഹ്യമായി നല്ലതായി കാണുന്നെങ്കിലും! പക്ഷേ, വൃത്തികെട്ട സ്വഭാവം അവയിൽ കാണാം."(ചീത്തപ്പണി ചെയ്യുന്നവരാണ്). "രഹസ്യമായ വൃത്തികേടുകൾ അവരിൽ കാണാം. പ്രദർശനപരതകൊണ്ട് നിറഞ്ഞിരിക്കുന്ന നമസ്കാരങ്ങൾ, ആ നമസ്കാരങ്ങൾ എന്തു ചെയ്യാനാണ്? അതുകൊണ്ട് എന്തു പ്രയോജനമുണ്ടാകാനാണ്."(മൽഫൂദാത്ത് വാള്യം 6 പേജ് 239–240, 1985 ലണ്ടൻ പതിപ്പ്)

കാണിക്കാൻ വേണ്ടി ചെയ്യുന്ന അത്തരം കർമങ്ങൾ മനുഷ്യന് ഒട്ടും പ്രയോജനപ്പെടുകയില്ല. ഓരോ നിമിഷവും അല്ലാഹുവിനോടുള്ള ഭയവും അവന്റെ തൃപ്തിയും മുന്നിൽ കാണാതെയുള്ള കർമത്തിനു ഒരു ഫല

## കലാമുൽ ഇമാം:–

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## കലാമുൽ ഇമാം:–

"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."**(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

വുമുണ്ടാകുകയില്ല. അങ്ങനെയുള്ളയാളുകളുടെ അല്ലാഹുവിലേക്കുള്ള ക്ഷണവും, അതെത്ര പരിശ്രമിച്ചാലും ഫലപ്രദമാകുകയില്ല. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

സൽക്കർമ്മം അധികമായി ചെയ്യേണ്ടതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈമാൻ നിലനിറുത്താനാഗ്രഹിക്കുന്നവൻ സൽക്കർമ്മങ്ങളിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ഇത് ആത്മീയമായ കാര്യങ്ങളാണ്. കർമങ്ങളുടെ സ്വാധീനം വിശ്വാസങ്ങളുടെമേൽ പതിക്കുന്നു." (ശക്തമായ വിശ്വാസമുണ്ടാകണമെങ്കിൽ കർമങ്ങൾ ചെയ്യേണ്ടത് നിർബന്ധമാണ്). തിന്മകൾ തുടങ്ങിയവ ചെയ്യുന്നവരെ നോക്കുക. അവസാനം അവർക്ക് അല്ലാഹുവിൽ വിശ്വാസമില്ലെന്ന് കാണാം. മോഷ്ടാവ് മോഷണം നടത്തുമ്പോൾ അവൻ മുഅ്മിൻ അല്ലെന്നും വ്യഭിചാരി വ്യഭിചരിക്കുമ്പോൾ അവൻ മുഅ്മിൻ അല്ലെന്നും ഹദീഥിൽ പറഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. ഇതിന്റെ അർഥം അവന്റെ ദുഷ്കർമങ്ങൾ അവന്റെ സത്യവും ശരിയായതുമായ വിശ്വാസത്തിൽ സ്വാധീനം ചെലുത്തി അവ നഷ്ടപ്പെടുത്തി എന്നാണ്. നമ്മുടെ ജമാഅത്ത് അധികമായി സൽക്കർമങ്ങൾ ചെയ്യേണ്ടതാണ്. മറ്റുള്ളവരുടെ അവസ്ഥ അവരിലുമുണ്ടെങ്കിൽ പിന്നെ വ്യത്യാസമെന്താണ് ബാക്കിയുള്ളത്? അല്ലാഹു അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ആവശ്യമെന്താണ്? തഖ്‌വയും പരിശുദ്ധിയും സത്യസന്ധമായ അനുസരണവുംകൊണ്ട് അവനെ സന്തോഷിപ്പിക്കുമ്പോഴാണ് അല്ലാഹു പരിഗണിക്കുന്നത്. അവന് ആരുമായും ഒരു ബന്ധവുമില്ലെന്നത് ഓർക്കുക." (അതായത് അല്ലാഹുവിന് ആരുമായും ഒരുബന്ധവുമില്ല)."വെറും പൊങ്ങച്ചവും വീരവാദവുംകൊണ്ട് കാര്യമില്ല."(കൂറു പുലർത്താത്തിടത്തോളം അനാവശ്യമായ സംസാരവും, വീരവാദവും കൊണ്ട് ഫലമില്ല). അവിടന്ന് പറഞ്ഞു:"സത്യസന്ധമായ അനുസരണം ഒരു മരണമാണ്. അതനുഷ്ഠിക്കാത്തവൻ അല്ലാഹുവിനോടു ചതുരംഗം കളിക്കുകയാണ്.അവന്റെ കാര്യം വരുമ്പോൾ അല്ലാഹുവിൽ തൃപ്തനാകുന്നു. കാര്യം നടന്നില്ലെങ്കിൽ വെറുക്കുന്നു. മുഅ്മിന്റെ പ്രവർത്തനം ഇങ്ങനെ ആകാൻ പാടില്ല. നിങ്ങൾ ചിന്തിക്കുക! അല്ലാഹു എല്ലാ രംഗങ്ങളിലും വിജയം നല്കിക്കൊണ്ടിരിക്കുകയും പരാജയമുണ്ടാകുന്ന ഒരു അവസ്ഥയും വരാതിരിക്കുകയും ചെയ്താൽ മുഴുവൻ ലോകവും ഏകദൈവവിശ്വാസികളാകുകയില്ലേ?"(ഏകനായ അല്ലാഹുവിനെ വിശ്വസിക്കുന്നവരാകുകയില്ലേ). "പിന്നെ പ്രത്യേകത എന്താണുണ്ടാകുക. അതുകൊണ്ട് വിപത്തുകളുണ്ടാകുമ്പോൾ കൂറുപുലർത്തുകയും സത്യസന്ധത കാണിക്കുകയും ചെയ്യുന്നവനിൽ അല്ലാഹു സന്തോഷിക്കുന്നതാണ്."(മൽഫൂദാത്ത് വാല്യം 6 പേജ് 366-367, 1985 ലണ്ടൻ പതിപ്പ്)

അനുസരണം പൂർണമായും ഉണ്ടാകുകയും പൂർണമായ അനുസരണത്തോടൊപ്പം സൽക്കർമം അനുഷ്ഠിക്കുകയും ചെയ്യുമ്പോഴാണ് സൽക്കർമമാകുന്നത്; അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അതു ചെയ്യുക. സ്വന്തം ആഗ്രഹങ്ങളുടെ ഭിത്തികൾ പൂർണമായ നിലയിൽ തകർത്തിടുകയും എല്ലാ കർമത്തിന്റേയും പിന്നിൽ അല്ലാഹുവിന്റെ തൃപ്തിയെ മുന്തിക്കുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കണമെന്ന ഒരേയൊരു ഉദ്ദേശ്യം മാത്രമുണ്ടാകുകയും ചെയ്യുമ്പോഴാണ് സത്യസന്ധമായ അനുസരണമാകുന്നത്. കാര്യം സാധ്യമാകുന്നിടത്ത് അനുസരണവും അനുസരണം പ്രാപിക്കലും സ്വേച്ഛയനുസരിച്ച് കാര്യം നടക്കാതെവരുമ്പോൾ പരാതിയുംകൊണ്ട് നടക്കുകയും ചെയ്യുക എന്നതല്ല. വ്യവസ്ഥിതിയെ കുറിച്ചുള്ള അനാവശ്യ പരാതികൾ വ്യവസ്ഥിതിയിൽനിന്ന് അകറ്റിക്കളയുമെന്ന കാര്യം എപ്പോഴും ഓർക്കുക. പിന്നീട് ദീനിൽനിന്നും അകറ്റിക്കളയുന്നതാണ്. ഖിലാഫത്തിൽനിന്നും അകറ്റിക്കളയുന്നതാണ്. തുടർന്ന് അല്ലാഹുവിൽനിന്നും അകറ്റിക്കളയുന്നതാണ്. ചിലയാളുകളുടെ അന്ത്യം ഇങ്ങനെയാണ് നാം കണ്ടിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവുകൾ, അല്ലാഹുവിന്റെ മഹത്ത്വത്തെ മുന്നിൽ കാണൽ, അഞ്ചുനേരം നമസ്കാരമനുഷ്ഠിക്കൽ തുടങ്ങിയവയാണ് നമുക്ക് വിജയിക്കാനുള്ള ആയുധം. നമസ്കാരം ദുആ സ്വീകാര്യതയുടെ താക്കോലാണ്. നമസ്കരിക്കുമ്പോൾ ദുആ ചെയ്യുക. അശ്രദ്ധ കാണിക്കരുത്. അല്ലാഹുവിനോടും മനുഷ്യരോടുമുള്ള കടമകളെ ബാധിക്കുന്ന എല്ലാ തിന്മയിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക." (മൽഫൂദാത്ത് വാല്യം 5 പേജ് 303, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമ്മെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശത്തിന്റെ പ്രചാരണത്തിന്റേയും വിജയത്തിന്റേയും ഭാഗമാക്കുമാറാകട്ടെ. സന്ദേശമെത്തിക്കുന്നതിന്റേയും പ്രചരിപ്പിക്കുന്നതിന്റേയും ഭാഗമാക്കുമാറാകട്ടെ. തൗബയും ഇസ്തിഗ്ഫാറും ദുആയും ചെയ്തുകൊണ്ട് നമ്മൾ തബ്‌ലീഗിന്റെ കടമ നിറവേറ്റുന്നവരാകട്ടെ. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നവരാക്കട്ടെ. ഇതേ കർമങ്ങളാണ് സൽക്കർമങ്ങൾ ചെയ്യുന്നതിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നത്. നമ്മുടെ എല്ലാ പ്രവൃത്തിയിലും അല്ലാഹുവിന്റെ തൃപ്തി നമ്മുടെ ഉദ്ദേശ്യമായിരിക്കട്ടെ. അല്ലാഹുവിന്റെ സമ്പൂർണ അനുസാരികളിൽ നമ്മൾ ഉൾപ്പെടുമാറാകട്ടെ. ഇക്കാര്യങ്ങളിലേക്ക് നമ്മൾ ശ്രദ്ധിക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഇസ്‌ലാമിന്റെ വിജയദിനങ്ങളും നമ്മൾ കാണുന്നവരാകും. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

## കാലാവസ്ഥയുടെ ചൂടിനേക്കാളധികമാണ് നരകത്തിന്റേത്:

"നമ്മുടെ ജമാഅത്ത് നല്ലവണ്ണം മനസ്സിലാക്കേണ്ടതാണ്. ശരീഅത്ത് അല്ലാഹുവിന്റെ റഹ്മത്താണ്. അതിന്റെ കല്പനകൾ ഒഴിവാക്കാൻ തന്ത്രങ്ങൾ അന്വേഷിക്കുന്നത് അനുവദനീയമല്ല. ആരാണോ ശരീഅത്തിന്റെ കല്പനകളെ അവഗണിക്കാനാഗ്രഹിക്കുന്നത്, അവൻ നാശത്തെ വിളിച്ചുവരുത്തുകയാണ്. അവൻ പാപിയായിത്തീരുന്നു. കഠിനമായ ചൂടുകാരണം നോമ്പ് ഉപേക്ഷിക്കുന്നവൻ നരകത്തിന്റെ ചൂട് ഇതിനേക്കാൾ വലിയ കടുപ്പമുള്ളതായിരിക്കുമെന്ന് ഓർമിക്കേണ്ടതാണ്, നബി (സ) തിരുമേനിയുടെ കാലത്ത് ആളുകൾ ചൂടിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി തന്ത്രങ്ങൾ അന്വേഷിച്ചു. അല്ലാഹു പറഞ്ഞു: **ഖുൽ നാറു ജഹന്നമ അശദ്ദു ഹർറാ (9:82)** നരകത്തിന്റെയത്ര കാഠിന്യം ഈ ചൂടിനില്ല. ഈ ഭൗതിക ചൂട് അതിനെ അപേക്ഷിച്ച് ഒന്നും തന്നെയല്ല.' (ഖുത്ബാത്തെ മഹ്മൂദ്, വാല്യം: 6, പേജ്: 461-462 ജുമുഅ ഖുത്ബ 11-06-1920)

( പേജ് 1ൽനിന്ന്)

ഹുവിൽനിന്ന് അകന്നുപോയിരിക്കുന്നു. അവർ സത്യത്തിന്റെ കൊടുംശത്രുക്കളാണ്. നേരായ മാർഗ്ഗത്തെ ആത്മശത്രുവിനെപ്പോലെ എതിർക്കുന്നു. ഉദാഹരണത്തിന്, ഇസ്‌ലാമിനുവേണ്ടി പ്രവർത്തിക്കുന്നുവെന്നു വാദിക്കുന്ന ദഅ്‌വത്തുൽ ഉലമായും ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളിൽനിന്ന് പണം പിടുങ്ങുന്ന ലാഹോർ അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമും ഇസ്‌ലാമിന്റെ അഭ്യുദയകാംക്ഷികളാണോ? ഇവർ നേരായ മാർഗ്ഗത്തെ അനുകൂലിക്കുന്നവരാണോ? ഇസ്‌ലാം ഏതേതെല്ലാം വിപത്തുകൾക്കിടയിൽ ചവിട്ടിമെതിക്കപ്പെട്ടുവെന്നും വീണ്ടും അതിന് നവജീവൻനല്കുന്നതിന് അല്ലാഹുവിന്റെ സമ്പ്രദായമെന്താണെന്നും ഇവർക്കോർമയുണ്ടോ? ഞാൻ സത്യമായും സത്യമായും പറയുന്നു: ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഇസ്‌ലാമിനെ സഹായിക്കുന്നുവെന്ന ഇവരുടെ വാദം അല്പമെങ്കിലും സ്വീകാര്യമായേനെ. എന്നാൽ, ഇപ്പോൾ അവർ ദൈവത്തിന്റെ കുറ്റാരോപണത്തിന് വിധേയരായിരിക്കുന്നു. അതായത് രക്ഷകരാണെന്ന വാദം ഉന്നയിക്കുന്ന ഇവർ ആകാശത്ത് നക്ഷത്രമുദിച്ചപ്പോൾ ഏറ്റവുമാദ്യം നിഷേധിക്കുന്നവരായി. ഇനി, തക്കസമയത്ത് എന്നെ അയച്ച ദൈവത്തിന് ഇവർ എന്തു മറുപടിയാണ് നല്കുക? എന്നാൽ, ഇക്കാര്യങ്ങളിൽ ഇവർക്കൊരാശങ്കയുമില്ല. സൂര്യൻ മധ്യാഹ്നത്തിനടുത്തെത്തിയിരിക്കുന്നു. എന്നാൽ, ഇവരുടെ പക്കൽ ഇപ്പോഴും രാത്രിയാണ്. ദൈവത്തിന്റെ അരുവി പൊട്ടിപ്പുറപ്പെട്ടു. എന്നാൽ, ഇപ്പോഴും ഇവർ മരുഭൂമിയിൽ നിലവിളിച്ചുകൊണ്ടിരിക്കുന്നു. അവന്റെ ദിവ്യജ്ഞാനങ്ങളുടെ നദി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഇക്കൂട്ടർക്ക് ഒരു വിവരവുമില്ല. അവന്റെ ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷേ, ഇക്കൂട്ടർ തികച്ചും അശ്രദ്ധരാണ്. അശ്രദ്ധരാണെന്നു മാത്രമല്ല, ദൈവിക പ്രസ്ഥാനത്തോടു ശത്രുതവച്ചുപുലർത്തുകയും ചെയ്യുന്നു. ഇതാണ് ഇവരുടെ കരങ്ങളാൽ ചെയ്യപ്പെടുന്ന ഇസ്‌ലാമിനുവേണ്ടിയുള്ള സംരക്ഷണവും പ്രചാരണവും അധ്യാപനവും! എന്നാൽ, ഇവർക്ക് തങ്ങളുടെ അവഗണനകൊണ്ട് ലോകാരംഭം മുതൽ എല്ലാ പ്രവാചകന്മാരും സാക്ഷ്യം പറഞ്ഞുവന്ന അല്ലാഹുവിന്റെ യഥാർഥ ഉദ്ദേശ്യത്തെ തടയാൻ കഴിയുമോ? ഇല്ല. പ്രത്യുത, അല്ലാഹുവിന്റെ ഈ പ്രവചനം അടുത്തുതന്നെ സത്യമായി പുലരാൻ പോകുകയാണ്. അതായത്, *കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ്* അല്ലാഹു ഇന്നേക്ക് പത്തുവർഷംമുമ്പേ തന്റെ ദാസനെ സത്യപ്പെടുത്തുന്നതിന് ആകാശത്ത് റമദാനിൽ സൂര്യചന്ദ്രഗ്രഹണം കാണിച്ചു. പകൽ സൂര്യനേയും രാത്രി ചന്ദ്രനേയും എനിക്കുവേണ്ടി സാക്ഷിയാക്കി രണ്ടടയാളം വെളിപ്പെടുത്തി. അപ്രകാരംതന്നെ അവൻ നബിമാരുടെ പ്രവചനങ്ങളനുസരിച്ച് ഭൂമിയിലും രണ്ടടയാളം വെളിപ്പെടുത്തി. ഒന്ന് നിങ്ങൾ വിശുദ്ധ ഖുർആനിൽ ഓതുന്ന അടയാളമാണ്. *വഇദൽ ഇശാറു ഉത്തിലത്ത്* ഹദീഥിൽ വായിക്കുന്നു: *വല യുത്‌റക്കന്നൽ ഖിലാസു ഫലാ യുസ്ആ അലയ്ഹാ* (ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും; അവയുടമേൽ സവാരി ചെയ്യപ്പെടുകയില്ല.) ഇതിന്റെ പൂർത്തീകരണത്തിന് ഹിജാസിന്റെ മണ്ണിൽ അതായത് മദീനയുടേയും മക്കയുടേയുമിടയിൽ റെയിൽപാളവും തയ്യാറായിക്കൊണ്ടിരിക്കുന്നു."

**(കശ്തിയെ നൂഹ് റൂഹാ നീ ഖസാഇൻ വാല്യം 19 പേജ് 3)**

☆☆☆☆

( പേജ് 2ൽനിന്ന്)

ത്വത്തോടും സമാധാനത്തോടും ജീവിതം നയിക്കണം. സ്ത്രീകളുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് ഞാൻ ലജ്നകളോടുള്ള പ്രഭാഷണത്തിലും പറഞ്ഞിരുന്നു. മക്കളെ ഏറ്റവും നല്ല പൗരന്മാരാക്കി വളർത്തി എടുക്കുവിധം കുട്ടികളുടെ സംസ്കരണം നടത്തുക എന്നതാണ് അവരുടെ ഉത്തരവാദിത്വം. മക്കൾ നല്ല രാഷ്ട്രീയക്കാരും അധ്യാപകരും എഞ്ചിനീയർമാരും ഭർത്താക്കാന്മാരും സഹോദരന്മാരും ആയിത്തീരുന്ന വിധത്തിൽ മക്കൾക്ക് വിദ്യാഭ്യാസം നൽകുക. സ്ത്രീകളുടെ മാതൃക ഇതാണ്. ഇതേ കാരണം കൊണ്ടാണ് ഇസ്‌ലാം മത സ്ഥാപകർ ഹദ്റത്ത് മുഹമ്മദ്(സ) അരുളുകയുണ്ടായത്; മാതാവ് എന്ന നിലയിൽ സ്വന്തം ഉത്തരവാദിത്വം നിർവ്വഹിക്കുകയാണെങ്കിൽ നിങ്ങൾ ഭാവി തലമുറകളെ സംരക്ഷിക്കുന്നവരായിത്തീരുന്നതാണ്. കുട്ടികളുടെ ശിക്ഷണവും അവരുടെ ഉന്നത പരിപാലനവും നിർവ്വഹിക്കുന്ന ശ്രേഷ്ഠ പ്രവൃത്തി ചെയ്യുന്ന കാരണത്താൽ അവർക്ക് ഉന്നത പദവി നൽകപ്പെട്ടിരിക്കുന്നു. ഇത്തരം ഉത്തരവാദിത്വ നിർവ്വഹണത്തിലൂടെ സ്വന്തം മക്കളെ സ്വർഗത്തിൽ കൊണ്ടുപോകുന്നവരാണവർ. അതുകൊണ്ടാണ് മാതാക്കളുടെ കാൽക്കീഴിലാണ് സ്വർഗമുള്ളതെന്ന് തിരുനബി(സ) അരുളുകയുണ്ടായത്. വളരെ സുപ്രധാനമായൊരു ദൗത്യം നിർവ്വഹിക്കാതെ ഇത്ര വലിയ ഉന്നതപദവി നൽകപ്പെടുക സാധ്യമല്ല എന്നതു തന്നെയാണിതിന്റെ പൊരുൾ. സ്ത്രീകൾ സമൂഹത്തെ തയ്യാറാക്കുന്നവരാണ്. അതുകൊണ്ട് സ്ത്രീകൾ തങ്ങളുടെ രംഗത്ത് വളരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അവരുടെ പ്രവൃത്തികളിൽ പുരുഷന്മാരുടെ കൈകടത്തൽ ആവശ്യമില്ലാത്ത വിധം സ്വതന്ത്രമായി അവർക്ക് പ്രവർത്തിക്കാൻ സാധിക്കട്ടെ.

● മെക്സിക്കോയിൽ നിന്ന് വന്ന ഒരു പത്ര പ്രവർത്തകൻ ചോദിച്ചു: ജമാഅത്ത് വളരെയധികം പുരോഗമനപരമായ പ്രവൃത്തി ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും മധ്യ അമേരിക്കയിലും തെക്കേ അമേരിക്കയിലും. ജമാഅത്ത് ഗ്വാട്ടിമാലയിൽ ഒരു ആശുപത്രി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കൂടുതൽ പുരോഗമനപരമായ എന്തെല്ലാം പദ്ധതികളാണ് ജമാഅത്ത് നടപ്പിലാക്കാനാഗ്രഹിക്കുന്നത്. അങ്ങ് ഈ പ്രദേശങ്ങളിലെപ്പോഴാണ് വരുന്നത്?

ഹുദൂർ: ഞങ്ങൾ വളരെ ചെറിയ ഒരു ജമാഅത്താണ്. ഞങ്ങളുടെ വരുമാനങ്ങളും പരിമിതമാണ്. ഞങ്ങളുടെയടുക്കൽ പെട്രോളിന്റെ ധനമൊന്നുമില്ലല്ലോ. ജനങ്ങളുടെ സാമ്പത്തിക ത്യാഗത്തിന്റെ ഫലമായാണ് ഞങ്ങളുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഗ്വാട്ടിമാലയിൽ പണികഴിപ്പിക്കുന്ന ആശുപത്രിക്കും വളരെ ഭാരിച്ച ഫണ്ടിന്റെ ആവശ്യമുണ്ട്. ഈ പ്രൊജക്ട് പൂർത്തിയാക്കിയതിനുശേഷം വേറെ പ്രദേശങ്ങളിൽ പദ്ധതികൾ തുടങ്ങുന്നതാണ്. അതും ഫണ്ട് ലഭ്യമാകുന്നതിനെ ആശ്രയിച്ചിരിക്കും. എങ്കിലും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ഇതര അമേരിക്കൻ പ്രദേശങ്ങളിലും പുരോഗമനപരമായ പല പ്രവർത്തനങ്ങളും ഞങ്ങൾ ചെയ്തു കൊണ്ടിരിക്കും. എന്റെ സന്ദർശനത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ ആശുപത്രി പൂർത്തീകരിക്കുമ്പോൾ വരാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

● ഘാനയിൽ നിന്നുള്ള Daily Graphic Newspaper റിപ്പോർട്ടർ Sybastian Syme ചോദിച്ചു: അങ്ങെപ്പോഴും തെറ്റായ മീഡിയ റിപ്പോർട്ടിംഗിനെ കുറിച്ച് ആശങ്ക അറിയിച്ചു കൊണ്ടിരിക്കുന്നു. തെറ്റായ റിപ്പോർട്ടിംഗുമായി ബന്ധപ്പെട്ടു എന്തെങ്കിലും ഉദാഹരണം അങ്ങയ്ക്ക് സമർപ്പിക്കാൻ കഴിയുമോ?

ഹുദൂർ: എന്തെങ്കിലും തെറ്റായ പ്രവർത്തനം മുസ്‌ലീംകൾ കാണിക്കുമ്പോൾ പേജ് നിറയെ വാർത്ത കൊടുക്കുന്നുവെന്ന് പറഞ്ഞിരുന്നു. പുരോഗമനപരമായതും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതുമായും ആയ പ്രവർത്തനം നടത്തുന്ന മുസ്‌ലീംകൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല എന്നു ഞാൻ പറഞ്ഞിരുന്നു. ഈ വർഷം ലോകത്തു സമാധാനം സ്ഥാപിക്കുന്നതിന് അഞ്ചു ലക്ഷംപേർ അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചു. ഇവരെല്ലാവരും സമാധാന കാംക്ഷികളാണ്. എന്നാൽ ഇതു വിഷയമായി നിങ്ങളുടെ പത്രങ്ങളിൽ ചെറിയ വാർത്തകൾ മാത്രം വരുന്നു. ഏതു സാഹചര്യത്തിലും നിങ്ങൾ നീതി പുലർത്തണമെന്നും ഞാൻ പറഞ്ഞിരുന്നു. ചിത്രത്തിന്റെ ഒരു വശം നിങ്ങൾ കാണിക്കുമ്പോൾ മറ്റേ വശവും അനിവാര്യമായും കാണിച്ചിരിക്കണം. അഹ്മദി മുസലീംകൾ കാണിക്കുന്നത് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ പ്രതിരൂപമാണ്.

ഈ പ്രസ് കോൺഫ്രൻസ് 1.12 വരെ നീണ്ടു നിന്നു.

## മെക്സിക്കോ(Mexico) സംഘവുമായുള്ള കൂടിക്കാഴ്ച.

പ്രോഗ്രാമനുസരിച്ച് ഹുദൂറിന്റെ ഓഫീസിൽ വെച്ചായിരുന്നു മെക്സിക്കൻ സംഘത്തിന്റെ കൂടിക്കാഴ്ച. അഞ്ച് മെക്സിക്കൻ നവഅഹ്മദികൾ ഉൾപ്പെടെ 17 ആളുകൾ ഈ സംഘത്തിൽ ഉണ്ടായിരുന്നു.

● സംഘാംഗങ്ങെല്ലാം ജൽസാ സാലാനയുടെ സകല സംവിധാനങ്ങളും ശാന്തനിർഭരമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ ഞങ്ങളെ വളരെ സ്വാധീനിച്ചു. ധാരാളം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ഞങ്ങളുടെ ആത്മീയതയിലും വിശ്വാസത്തിലും വർധനയുണ്ടായി. ഹുസൂർ ഇങ്ങനെ പ്രതികരിച്ചു: 'നിങ്ങളും ഇത്തരത്തിലുള്ള വലിയ ജൽസ സംഘടിപ്പിക്കുക. ഞാനും അവിടെ വരാം.'

● മെക്സിക്കോ നവഅഹ്മദി Miguel Olguin സാഹിബും ജൽസയിൽ പങ്കെടുത്തു. അദ്ദേഹം തന്റെ പ്രതികരണങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ് എനിക്ക് ജൽസ സാലാന യു.കെയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു എന്നുള്ളത്. ജൽസാ വേളയിൽ ഹുദൂറിനെ കാണാൻ അവസരം ലഭിച്ചു എന്നതും വളരെ ഭാഗ്യമായി ഞാൻ കരുതുന്നു. മുസ്‌ലീംകൾ തീവ്രവാദികളാണെന്ന് ഞാൻ നിത്യവും കേട്ടു കൊണ്ടിരുന്നു. എന്നാൽ, ഞാൻ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഒരിക്കലും ഇത്തരത്തിലുള്ള ഒരു കാര്യവും കാണാൻ സാധിച്ചിട്ടില്ല. ഇവിടേയും ഞാൻ ആയിരക്കണക്കിന് ആളുകളെ കണ്ടു. സ്ഥാപിതമാകുന്ന കാര്യം അഹ്മദിയ്യാ ജമാഅത്തിന് തീവ്രവാദവുമായി ഒരു ബന്ധവുമില്ലെന്നാണ്. ജൽസാ സംവിധാനവും വളരെ ഇഷ്ടപ്പെട്ടു. ചെറുകുട്ടികളെ വെള്ളം വിതരണം ചെയ്യുന്നതായി കണ്ടു. ചെറുപ്രായത്തിൽത്തന്നെ കുട്ടികളിൽ സൃഷ്ടി സേവന ചിന്ത വളർത്തുന്ന ശീലം അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചിരിക്കുന്ന ഒരു നല്ല വഴിയാണ്. സേവനത്തിനുപകരം അല്ലാഹുവിൽ നിന്നും പ്രതിഫലവും ലഭിക്കുന്നു. ജൽസാ വേളയിൽ വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന വിവിധ ഭാഷ സംസാരിക്കുന്ന വളരെയധികം വ്യക്തികളെ കാണാൻ പറ്റി. പരസ്പരം സ്നേഹവും ആത്മാർഥതയും പ്രകടിപ്പിക്കുന്നതിന് ഭാഷ അറിയണം എന്നത് അനിവാര്യമല്ലെന്ന് എനിക്ക് തോന്നുന്നു.

● ഒരു മെക്സിക്കോ നവ അഹ്മദി Hiram Vidal സാഹിബ് പറയുന്നു: ആദ്യമായാണ് ജൽസാ സാലാനയിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചത്. ഹുദൂറിനെ കാണാൻ എനിക്ക് അവസരം കിട്ടുമെന്ന് ഞാനൊരിക്കലും വിചാരിച്ചിരുന്നില്ല. എന്തോ ഒരു സ്വപ്നം കണ്ടു കൊണ്ടിരിക്കുന്നു എന്നാണ് എനിക്ക് തോന്നിയത്.

● Rosalina Lara Flota സാഹിബ എന്ന മെക്സിക്കൻ നവ അഹ്മദി വനിത തന്റെ വിചാരങ്ങൾ ഇങ്ങനെ പങ്കുവെച്ചു: ജൽസ സാലാന എന്നിൽ ഒരാത്മീയ മാറ്റത്തിനു വഴിവെച്ചു. ആഗോള ബയ്അത്തിൽ ഓരോ വാക്കുകളും ആവർത്തിച്ചു കൊണ്ടു വീണ്ടും അല്ലാഹുവിനോട് ബയ്അത്ത് അനുസരിച്ച് പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നതുപോലെ എനിക്ക് തോന്നി. ബയ്അത്ത് മുഖേന എനിക്ക് വിശ്വാസത്തിൽ വളരെ ദൃഢത കൈവന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഭാഗമാണ് എന്നതിൽ എനിക്കഭിമാനമുണ്ട്. ഈ ജമാഅത്ത് മുഴുലോകത്തിന്റേയും ഉന്നമനത്തിനുവേണ്ടിയുള്ള അധ്യാപനങ്ങൾ സമർപ്പിക്കുന്നു. വിവിധ മാർഗ്ഗേണ മനുഷ്യരാശിയെ സഹായിക്കുന്നു. ജൽസാ വേളയിൽ ഇസ്‌ലാമിനെ കുറിച്ചും അഹ്മദിയ്യത്തിനെ കുറിച്ചും വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു.

● Airam Martinez സാഹിബ എന്ന നവ അഹ്മദി പറഞ്ഞു: ഞങ്ങൾക്ക് താമസ്സിക്കാനുള്ള സൗകര്യം ജാമിയയിലായിരുന്നു ഒരുക്കിയിരുന്നത്. ഭാഷ മനസ്സിലാകാതിരുന്നിട്ടും എല്ലാ സേവകരും ഞങ്ങളോട് വളരെ നല്ലവണ്ണം പെരുമാറി. എനിക്ക് ലോകത്തുള്ള വിവിധ രാജ്യങ്ങൾ കണ്ടു പരിചയമുണ്ട്. ഇത്രയധികം രാജ്യങ്ങളുടെ പ്രതിനിധികളുണ്ടാകുമെന്ന് മുമ്പേയൊരിക്കലും എനിക്ക് ചിന്തിക്കാൻ തന്നെ സാധിക്കുമായിരുന്നില്ല. ഹുദൂറിന്റെ എല്ലാ പ്രഭാഷണങ്ങളും കേൾക്കാൻ അവസരം കിട്ടി. ഏറ്റവും അധികം ഹൃദയാവർജകമായത് കുട്ടികളുടെ അധ്യാപനവും ശിക്ഷണത്തെ കുറിച്ചുമുള്ള ഹുദൂറിന്റെ പ്രഭാഷണമായിരുന്നു. പ്രത്യേകിച്ചും ഒരു കവർച്ചക്കാരൻ തന്റെ മാതാവിന്റെ നാവ് കടിച്ചെടുക്കുന്ന സംഭവം ഹുദൂർ വിവരിച്ചിരുന്നു. ഇതെന്നിൽ വലിയ സ്വാധീനമുണ്ടാക്കി.'

## കലാമുൽ ഇമാം:-

"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."

(മൽഫൂദാത്ത്, വാല്യം 5, പേജ് 96).

### ത്വാലിബെ ദുആ:

റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

## കലാമുൽ ഇമാം:-

"ആരെയാണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."

(മൽഫൂദാത്ത്, വാല്യം 5, പേജ് 104)

### ത്വാലിബെ ദുആ:

പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

●Heidi Maribel Gamboa സാഹിബ എന്ന നവ അഹ്മദി പറയുന്നു: ജൽസാ സാലാന ദിനങ്ങൾ എന്റെ ജീവിതത്തിലെ സുപ്രധാന ദിനങ്ങളായിരുന്നു. ഈ അവസരത്തിൽ എനിക്ക് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും വന്ന ജമാഅത്തിലെ വിവിധ തരം ആളുകളെ കാണാനുള്ള അവസരം കിട്ടി. വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ഈ അതിഥികൾ ഒരേ കുടുംബത്തിലെ അംഗങ്ങളെപോലെ ഞങ്ങളെ കണ്ടു. ഒരു പക്ഷേ എനിക്ക് രണ്ടാമതൊരിക്കൽ അവരെ കാണാൻ സാധിച്ചുവെന്നു വരില്ല. എങ്കിലും ഈ ജൽസയുടെ ഓർമകൾ എന്നും നിലനിൽക്കുന്നതാണ്.

മെക്സിക്കൻ സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 1.25 വരെ നീണ്ടുനിന്നു. ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

## തുർക്ക്മനിസ്ഥാൻ(Turkmenistan) സംഘവുമായുള്ള കൂടിക്കാഴ്ച

രണ്ടു പേരടങ്ങുന്ന സംഘമാണ് യൂ.കെ ജൽസയിൽ പങ്കെടുക്കാനെത്തിയത്. ഹുദൂർ വിശേഷങ്ങൾ അന്വേഷിച്ചപ്പോൾ അവരിരുവരും പറഞ്ഞു: ഞങ്ങൾ വളരെ നല്ല സ്വാധീനത്തിലാണ്. ഞങ്ങൾ അന്വേഷിച്ചു നടന്ന സത്യം ഞങ്ങൾക്ക് ഇവിടെ നിന്ന് ലഭിച്ചിരിക്കുന്നു. ഞാനൊരു എഴുത്തുകാരൻ ആണ്. മുപ്പത് വർഷംവരെ പത്രം നടത്തിക്കൊണ്ടിരുന്നു. 16 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

മറ്റേ അതിഥി പറഞ്ഞു: ഹുദൂറിന്റെ മുഖം കാണുമ്പോൾ സ്വാഭാവികമായി എത്രമാത്രം സന്തോഷം അനുഭവിക്കുന്നുവെന്നാൽ വാക്കുകളിൽ പ്രകടിപ്പിക്കുക സാധ്യമല്ല. ഞാൻ ആഗോള ബയ്അത്ത് വേളയിലാണ് ബയ്അത്ത് ചെയ്തത്.

ഹുദൂർ പറഞ്ഞു: നിങ്ങൾ ഇവിടെ കാണുന്ന അച്ചടക്കം മറ്റെവിടേയും കാണാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

അദ്ദേഹം പറഞ്ഞു: വളരെ നല്ല സംവിധാനങ്ങളായിരുന്നു. എത്രപേരെ കണ്ടോ അവരെല്ലാവരും സ്നേഹിക്കുന്നവരും അനുകമ്പ പ്രകടിപ്പിക്കുന്നവരുമായിരുന്നു.

● തുർക്ക്മനിസ്ഥാനിൽ നിന്ന് വന്ന ഒരു സ്നേഹിതൻ അബ്ദുറശീദ് സാഹിബ് തന്റെ പ്രതികരണങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: ഞാൻ രണ്ടു വർഷം മുമ്പേ എന്റെ പ്രിയപ്പെട്ട സ്നേഹിതനിൽനിന്നാണ് ഈ പ്രിയപ്പെട്ട ജമാഅത്തിനെ കുറിച്ചു കേട്ടത്. ഇതിന്റെ മുദ്രാവാക്യം എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്നതാണ്. ഞാൻ ലണ്ടനിൽ എത്തിയ നാൾ മുതൽ സ്നേഹാനുകമ്പയാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്; സ്വന്തം മാതാപിതാക്കളുടേയും ബന്ധുക്കളുടേയും ഇടയിൽ ഉള്ളതുപോലെ. എന്നെ സ്വാധീനിച്ചതും എന്റെ ഹൃദയത്തിൽ അഗാധമായ സ്വാധീനം ഉണ്ടാക്കിയതുമായ കാര്യത്തിലൊന്ന് ഇതാണ്, ഞങ്ങൾ തുർക്ക്മനിസ്ഥാനിൽനിന്ന് ലണ്ടനിൽ എത്തിയപ്പോൾ എയർപോർട്ടിൽ നിന്ന് ഞങ്ങളെ ഹോട്ടലിലേക്ക് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന അഹ്മദി കുട്ടികൾ ഉടൻതന്നെ വന്ന് സലാം പറഞ്ഞു. യാത്ര കഴിഞ്ഞു വന്നതു കൊണ്ട് വിശപ്പുണ്ടാകുമെന്നും അതുകൊണ്ട് ആദ്യം ഭക്ഷണം കഴിച്ച് വിശ്രമിക്കാനും ഞങ്ങളോടു തുടർന്ന് പറഞ്ഞു.ഇതു കേട്ടപ്പോഴെനിക്ക് നബി(സ)തിരുമേനി യുടെ ആ ഹദീഥ് ഓർമ വന്നു. ഒരിക്കൽ നബി(സ) തിരുമേനിയുടെ മജ്‌ലിസിൽ ഒരതിഥി വന്നു. അതിഥിക്ക് കൊടുക്കാൻ അങ്ങയുടെ വീട്ടിൽ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഈ അതിഥിയെ കൊണ്ടുപോയി ആതിഥ്യമരുളാൻ പ്രാപ്തരായ ആരുണ്ട് എന്ന് തന്റെ അനുചരരോട് അവിടന്ന് അന്വേഷിച്ചു. ഒരു സ്വഹാബി അദ്ദേഹത്തെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. യഥാർഥത്തിൽ അദ്ദേഹത്തിന്റെ വീട്ടിലും കുടുംബത്തിന് കഴിക്കാനുള്ള ഭക്ഷണം പോലും ശരിക്കും ഉണ്ടായിരുന്നില്ല. കുട്ടികളെ കളിതമാശയിലൂടെ വിശപ്പോടുകൂടി അദ്ദേഹം ഉറക്കി. എന്നിട്ട് അതിഥിക്ക് ഭക്ഷണം നൽകി. വിളക്കു സ്വയം കെടുത്തിയിട്ട് ദമ്പതികളും അതിഥിയോടൊപ്പം ഭക്ഷണം കഴിക്കുന്നതുപോലെ അഭിനയിച്ചു. ഈ കാഴ്ച ഒരു ജാഗ്രദർശനത്തിലൂടെ അല്ലാഹു നബി(സ)തിരുമേനിക്കും കാണിച്ചു. എനിക്ക് ഈ ഹദീഥാണ് അപ്പോൾ ഓർമ വന്നത്. അഹ്മദിയ്യാ ജമാഅത്തിലെ ഈ വ്യക്തികൾ യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ചാണ് പ്രവർത്തിക്കുന്നതും അതിനെ പിൻപറ്റുന്നതും.

പിന്നീട് ജാമിയാ അഹ്മദിയ്യായിൽ ഹുദൂർ അൻവറിന്റെ വലിയ ചിത്രം കണ്ടപ്പോൾത്തന്നെ എനിക്കുറപ്പായി, ഹുദൂറിന്റെ തിരുമുഖം ഉന്നതനായ അല്ലാഹുവിന്റെ പ്രകാശത്താൽ പ്രശോഭിതവും പ്രകാശസ്തംഭവുമാണെന്ന്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹുദൂർ ജാമിയാ അഹ്മദിയ്യായിൽ വന്നപ്പോൾ പ്രത്യേകമായി എന്റെയടുക്കൽ വന്നു. എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ നിമിഷങ്ങളാണിതെന്ന് എനിക്ക് തോന്നി. ഹുദൂറിന്റെ ദൃഷ്ടി എന്റെ മേൽ പതിഞ്ഞതും ഒരു ശക്തിമത്തായ വിറയൽ എനിക്ക് ശരീരത്തിൽ അനുഭവപ്പെട്ടു. ഹുദൂർ കുറച്ച് മുന്നോട്ട് പോയി മടങ്ങി വന്ന് എനിക്ക് കൈ തന്നതും ഒരാവേശത്തിന്റേയും താപത്തിന്റേയും മിന്നലാട്ടം എന്നിലുണ്ടാക്കി. കുളിര് കാരണത്താൽ പനി വരുന്നതുപോലെ എനിക്കു തോന്നി. എന്നാൽ, അൽപം സമയത്തിനുള്ളിൽ എനിക്കൊന്നുമില്ലെന്നും ഞാൻ തികച്ചും സുഖത്തിലാണെന്നും എനിക്ക് അനുഭവപ്പെട്ടു. യഥാർഥത്തിലിത്, ഹുദൂറുമായി ഹസ്തദാനം ചെയ്തതിനുശേഷം എന്റെ ശരീരത്തിലേക്ക് ഊർന്നിറങ്ങിയ ശക്തിയും ആവേശവുമായിരുന്നു. ഈ അവസ്ഥ തുടർച്ചയായി അടുത്ത പ്രഭാതംവരെ അനുഭവിച്ചുകൊണ്ടിരുന്നു. എന്റെ ജീവിതത്തിലൊരിക്കലും ഇതിനുമുമ്പേ ഇങ്ങനൊരനുഭൂതിയുണ്ടായിട്ടില്ല. ഞാനെന്റെ ജീവിതമാസകലം ഉന്നതനായ ദൈവത്തെ തേടിക്കൊണ്ടിരുന്നു. എന്നാൽ ഇവിടെ ജൽസ സാലാനയിൽ വന്നപ്പോഴാണ് ഉന്നതനായ ദൈവത്തെ കണ്ടെത്താൻ കഴിഞ്ഞുവെന്ന് എനിക്ക് മനസ്സിലായത്. ഉന്നതനായ അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്താൽ ആഗോള ബയ്അത്തിന്റെ മഹത്തായ പരിപാടിയിൽ പങ്കെടുത്തു ബയ്അത്ത് ചെയ്യാൻ സാധിച്ചു. ബയ്അത്ത് ചെയ്തു കൊണ്ടിരിക്കുമ്പോൾ എന്റെ കണ്ണുകൾ അശ്രുക്കൾ പൊഴിക്കുകയായിരുന്നു. എന്റെ പിതാവിന്റെ മരണത്തിൽപോലും വരാത്ത കണ്ണുനീരായിരുന്നു ഇത്. എന്തെങ്കിലും കാരണത്താലായിരിക്കും ആ കണ്ണുനീർ വന്നിട്ടുണ്ടാവുകയെന്ന് ബാഹ്യത്തിൽ തോന്നുമായിരുന്നു. എന്നാൽ, ഭൂമിയിലിപ്പോൾ ഒരു പ്രതീക്ഷ നാമ്പിട്ടിരിക്കുന്നു എന്ന് പിന്നീടെനിക്ക് ബോധ്യമായി. സമാനതകളില്ലാത്ത ലക്ഷക്കണക്കിന് വ്യക്തികളുടെ ഒരു ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ഈ ജമാഅത്ത് തങ്ങളുടെ പ്രവൃത്തികൾ മുഖേന എല്ലാ കഷ്ടങ്ങളേയും വിപത്തുകളേയും നീക്കി ലോകത്തെ പരിശുദ്ധമാക്കാൻ സർവ്വ ത്യാഗവും സമർപ്പിക്കാൻ തയ്യാറാണ്.'

● ഹുസൂർ അൻവർ പറഞ്ഞു: ചില തീവ്രവാദ വിഭാഗങ്ങളുടെ തെറ്റായ പ്രവർത്തനങ്ങൾ കാരണത്താൽ എല്ലാവർക്കും ദുഷ്പേര് സഹിക്കേണ്ടി വരുന്നു. ഇസ്‌ലാമിന്റെ യഥാർഥവും അടിസ്ഥാനപരവുമായ അധ്യാപനം ലോകർക്ക് എത്തിച്ച് കൊടുക്കാൻ പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ഇനി നിങ്ങൾ മടങ്ങിപ്പോയി സ്വന്തം വൃത്തത്തിലുള്ള സ്നേഹിതർക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചു കൊടുക്കുക. ഉന്നതനായ അല്ലാഹു ഇതിന് നിങ്ങളെ തുണക്കുമാറാകട്ടെ.

തുർക്ക്മനിസ്ഥാൻ സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 1.40 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് സൗഭാഗ്യം കിട്ടി.

## കസാഖ്സ്ഥാൻ(Kazakhstan) സംഘത്തിന്റെ കൂടിക്കാഴ്ച.

6 പേരടങ്ങുന്ന സംഘമാണ് കസാഖ്സ്ഥാൻ (Kazakhstan)നിൽ നിന്ന് ഈ വർഷം ജൽസയിൽ പങ്കെടുത്തത്. ഇതിലെ അംഗങ്ങൾ ജൽസാ സംവിധാനങ്ങളെ കുറിച്ചു വളരെ ശ്ലാഘിച്ചു. സംവിധാനം മികച്ചതായിരുന്നുവെന്നും ആകർഷണീയമായിരുന്നുവെന്നും മഴയുണ്ടായിട്ടും ഒരു തടസ്സവും ഉണ്ടായില്ലെന്നും പറഞ്ഞു.

● സംഘാംഗങ്ങളിൽപ്പെട്ട ഒരാൾ ഹുദൂറിനോടു ചോദിച്ചു: പിറക്കാൻ പോകുന്ന കുട്ടികൾക്ക് പേരിടാൻ ഹുദൂറിനെഴുതുമ്പോൾ ചിലപ്പോൾ ഹുദൂർ ഒരു പേരു മാത്രം അയക്കുന്നു. തദനുസൃതമായി കുട്ടികളും ജനിക്കാറുണ്ട്. ഇതു സംഭവിക്കുന്നതെങ്ങനെയാണ്?

ഹുദൂർ അൻവർ പറഞ്ഞു: ഇതെല്ലാം അല്ലാഹു ചെയ്യിപ്പിക്കുന്നതാണ്. പൊതുവെ ഞാൻ രണ്ടു പേരാണ് നൽകാറുള്ളത്. ചിലപ്പോൾ ഒരു പേരു മാത്രവും നൽകാറുണ്ട്. എന്നാൽ, ഇതെല്ലാം അല്ലാഹുവിന്റെ ഭാഗത്തു നിന്നു തന്നെയാണുള്ളത്.

ഹകസാഖ്സ്ഥാനിൽ നിന്നുള്ള ഒരു അഹ്മദി സ്നേഹിതൻ അംറു അസ്കർ സാഹിബ് തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: ജൽസ വളരെ നല്ല രീതിയിൽ സമാപനം കുറിച്ചു. എന്റെ വിശ്വാസത്തിന് കൂടുതൽ ശക്തി കിട്ടി. വരുന്ന ഓരോ ജൽസയും എന്റെമേൽ ഓരോ പുതിയ രീതിയിലാണ് സ്വാധീനം സൃഷ്ടിക്കുന്ന

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

തെന്ന് എനിക്ക് തോന്നുന്നു. ഭൗതിക സന്തോഷങ്ങൾ സമയപ്പോക്കിനനുസരിച്ച് മാധുര്യം ഇല്ലാത്തതായിത്തീരുന്നു. എന്നാൽ, ആത്മീയത മുഖേന ലഭ്യമാകുന്ന സന്തോഷങ്ങൾ എത്ര പ്രാവശ്യം പ്രാപ്യമായാലും ഓരോ പ്രാവശ്യവും മനുഷ്യനൊരിക്കലും ചിന്തിക്കാത്ത രൂപത്തിൽ ഒരു പുതിയ വഴി സ്വീകരിക്കുന്നു.'

● ബോഗോ ബായോ ദാവ്റാൻ സാഹിബ് തന്റെ അനുഭവങ്ങൾ ഇങ്ങനെ വിശദീകരിക്കുന്നു: ജൽസാ സാലാനയുടെ സംവിധാനങ്ങൾ എന്നെ വളരെ ആകർഷിച്ചു. ഞങ്ങളെ താമസിപ്പിച്ച സ്ഥലം വളരെ സുന്ദരമായ സ്ഥലമായിരുന്നു. നല്ല അന്തരീക്ഷമായിരുന്നു. സന്തോഷദായകമായിരുന്നു. സേവകർ വളരെ നല്ലവണ്ണം കാര്യങ്ങൾ അറിയുന്നവരായിരുന്നു. വിവിധ തരത്തിലുള്ള ആഹാര പാനീയങ്ങളും ഫലവർഗ്ഗങ്ങളും നൽകിയിരുന്നു. സമയനിഷ്ഠ പാലിച്ചുകൊണ്ടുള്ള വാഹനസംവിധാനം. ഞങ്ങൾ എവിടെ പോയാലും അവിടെ ഞങ്ങൾക്കുവേണ്ടി ഒരു ടെന്റ് തയ്യാറാക്കപ്പെട്ടിരുന്നു. അതിൽ ആഹാര പാനീയങ്ങളുടെ ഏർപ്പാട് ഏതു സമയത്തും ഒരുക്കിവെച്ചിരുന്നു. ജൽസയിൽ സജ്ജീകരിച്ചിരുന്ന എക്സിബിഷനുകളും എനിക്ക് വളരെ ഇഷ്ടമായി. സ്നേഹത്തിനും സഹവർത്തിത്വത്തിനും ലോകത്തുള്ള മറ്റെല്ലാ സംഘടനകൾക്കും ഉന്നതമായ മാതൃകയാണ്. കൂടാതെ ഏറ്റവും കൂടുതൽ പ്രയോജനവും മാർഗ്ഗദർശനവും എനിക്ക് പ്രാപ്യമായത് ജൽസയിൽ നടന്ന മൂന്ന് ദിവസത്തെ പരിപാടികളിൽ നിന്നാണ്. എന്റെ ജീവിതത്തിൽ എന്നെ ഏറ്റവും മാറ്റി മറിച്ചത് ഖലീഫത്തുൽ മസീഹിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ എനിക്ക് അവസരം കിട്ടിയതിലൂടെയാണ്. എനിക്കെന്റെ ശരിയായ അവസ്ഥയെപ്പറ്റി ഇതുവരെ ശരിക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. കാരണം,ഞാൻ വിവരണാതീതമായ ഒരവസ്ഥയിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. അല്ലാഹു എന്റെ ബയ്അത്ത് സ്വീകരിക്കാൻ ഞാൻ ഹുദൂർ അൻവറിനോട് ദുആക്കപേക്ഷിക്കുന്നു.'

● കസാഖ്സ്ഥാൻ അമീർ, സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സഫീഉലീൻ സാഹിബും സംഘത്തിലുണ്ടായിരുന്നു. സ്വദർ സാഹിബ് തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: ഈ ജൽസ എനിക്ക് ധാരാളം അടയാളങ്ങൾ നല്കിയിരിക്കുന്നു. എന്റെ ഹൃദയത്തെ സന്തോഷത്താൽ നിറച്ചിരിക്കുന്നുവെന്ന് സാരം. ജൽസയിലെ ഓരോ പ്രവർത്തനവും അഹ്മദിയ്യത്തിന്റെ സത്യതയ്ക്ക് ഓരോ സാക്ഷ്യമാണ് എനിക്ക് വേണ്ടി വിട്ടുപോയിട്ടുള്ളത്. ഓരോ വകുപ്പുകളിലും ഇതിന്റെ തെളിവ് ഞാൻകണ്ടിട്ടുണ്ട്. ബ്രിട്ടനിൽ അഹ്മദിയ്യത്തിന്റെ പ്രചാരണം ടെലിവിഷൻ, റേഡിയോ മുഖേന നടന്നതും എന്നെ വളരെ ആകർഷിച്ചു. റേഡിയോ ആണ് എല്ലാവരിലും കൂടുതലായി എത്തുന്നതെന്നാണ് ഞാൻ ഊഹിക്കുന്നത്. കാരണം ഞങ്ങൾ ജാമിയായിൽ നിന്ന് ജൽസയ്ക്കായി പോകുമ്പോൾ ബസ്സിൽ റേഡിയോയാണ് കേൾക്കാറുണ്ടായിരുന്നത്.കൂടാതെ ലണ്ടനിലും റേഡിയോയിലാണ് കേട്ടത്. ജമാഅത്തിന്റെ പ്രചാരണം ഏതു രൂപത്തിൽ നടക്കുന്നു എന്നറിഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നുന്നു. ഇത് അഹ്മദിയ്യത്തിന്റെ സത്യതക്കുള്ള തെളിവല്ലെങ്കിൽ പിന്നെന്താണ്?

ജൽസയുടെ സംഘാടനത്തിലേക്ക് ദൃഷ്ടി പായിച്ചാൽ ട്രാൻസ്പോർട്ട്, ഭക്ഷണ പാചകം, വിതരണം, സുരക്ഷ, പൊതുജന ബന്ധങ്ങൾ, സ്വീകരണം തുടങ്ങി എല്ലാ വകുപ്പുകളും വളരെ നല്ല രൂപത്തിൽ അവരവരുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചു കൊണ്ടിരുന്നു. ഇക്കാരണത്താൽ എവിടേയും ഒരു തരത്തിലുള്ള പ്രശ്നങ്ങളോ തടസ്സങ്ങളോ ദൃശ്യമായിരുന്നില്ല. ഈ പ്രവൃത്തികളെല്ലാം ഈ ഉന്നത സംവിധാനത്തിനോടൊപ്പം നടന്നു കൊണ്ടേയിരുന്നു. ലോകത്ത് ഇതിന് മറ്റൊരു ഉദാഹരണമില്ല. ഇത് അഹ്മദിയ്യത്തിന്റെ സത്യതക്ക് തെളിവല്ലേ?

വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്തിയ വിദ്യാർഥികൾക്കുള്ള സമ്മാനവിതരണവും എന്നെ വളരെ ആകർഷിച്ചു. പ്രത്യേകിച്ചും കാലത്തിന്റെ ഖലീഫ സ്വയം തന്റെ അനുഗൃഹീത കരങ്ങളാൽ ഈ ഉപഹാരങ്ങൾ നൽകുമ്പോൾ. ഇപ്രകാരം ജമാഅത്ത് സഹോദരങ്ങളുടെ ഉള്ളിൽ വിദ്യ നേടാനും സയൻസിലും ഗവേഷണത്തിന്റെ മൈതാനത്തും മുന്നോട്ടുഗമിക്കാനുള്ള താൽപ്പര്യവും ഉടലെടുക്കുന്നു. ഇതു പോലെയുള്ള മറ്റേതെങ്കിലും ഇസ്ലാമിക സംഘടന വിദ്യാഭ്യാസത്തിന് ഇത്രയും പ്രോൽസാഹനം കൊടുക്കുന്നതായി ഉണ്ടോ? ഞാൻ മനസ്സിലാക്കിയതനുസരിച്ച് തീവ്രവാദ സംഘടന ഐ എസ് ഐ എസ് ഭൗതിക വിദ്യാഭ്യാസം അതിന്റെ അനുയായികൾക്ക് സമ്പൂർണ്ണമായി നിരോധിച്ചിരിക്കുകയാണ്. ഇക്കാര്യവും അഹ്മദിയ്യത്തിന്റെ സത്യതയ്ക്കുള്ള അടയാളമല്ലേ? ജൽസാ വേളയിൽ സംഘടിപ്പിക്കപ്പെട്ട എക്സിബിഷനുകളും എന്നിൽ വളരെ സ്വാധീനമുണ്ടാക്കി. ഓരോ എക്സിബിഷനും ഓരോ പ്രത്യേക വിഷയത്തിലധിഷ്ഠിതമായിരുന്നു. എങ്കിലും ഏറ്റവും വിശാലമായ എക്സിബിഷൻ പ്രസിദ്ധീകരണ വിഭാഗത്തിന്റേതായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ വളരെയധികം ഗ്രന്ഥങ്ങൾ അതിലുണ്ടായിരുന്നു. എന്റെ മാതൃഭാഷയായ റഷ്യൻ ഭാഷയിൽ ഇപ്പോൾ ഇല്ലാത്ത ഗ്രന്ഥങ്ങളായിരുന്നു അത്. ഗ്രന്ഥങ്ങൾ, ലഘുലേഖ തുടങ്ങിയവയുടെ തർജമ, പ്രസിദ്ധീകരണം എത്ര വിശാലമായ പ്രവർത്തനങ്ങളാണെന്ന് ഞാൻ കണ്ടു. വിശുദ്ധ ഖുർആനിന്റെ പ്രസിദ്ധീകരണ വിഭാഗം എത്രമാത്രം വിശാലമാണെന്നാൽ ലോകം മുഴുവനുമുള്ള അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ തർജമ, പ്രസിദ്ധീകരണ പ്രവൃത്തികളിൽ ഭാഗഭാക്കാകുന്നു.

ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനങ്ങളും മുഴുലോകത്തും വളരെ വിശാലമായ അളവിൽ നടന്നു കൊണ്ടിരിക്കുന്നു. എം.ടി.എ. ട്രാൻസ്മിഷൻ, റെക്കോർഡിംഗ്, പ്രോഗ്രാമുകൾ മറ്റും അതിന്റെ വിശാലതകളിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഇതിലും വളരെയധികം വ്യക്തികൾ കർമ നിരതരാണ്. ഇത് അഹ്മദിയ്യത്തിനുള്ള സത്യതക്കുള്ള അടയാളമല്ലേ?

അതുപോലെ ഖുദ്ദാമുൽ അഹ്മദിയ്യായുടെ മീറ്റിംഗും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇതിൽ നൂറിലധികം രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. അവർ അവരവരുടെ പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു. അവരിൽ ചിലർ അവരുടെ നാട്ടിൽ നടന്ന പൊതുപ്രവർത്തനം വിവരിച്ചു. രക്തദാനം, അഗതിസഹായം, വിവിധ ഫൗണ്ടേഷനുകളെ സഹായിക്കാൻ പണ ശേഖരണം, ശ്രമദാനങ്ങൾ, തുടങ്ങിയവ ഉദാഹരണങ്ങളാണ്. ജമാഅത്തിന് ശക്തമായ എതിർപ്പുള്ള രാഷ്ട്രങ്ങളിലും ഈ പ്രവൃത്തികൾ നടന്നു വരുന്നു. റിപ്പോർട്ടിൽ പറയപ്പെട്ട മറ്റൊരു കാര്യം സ്പോർട്സ് റാലി, വിവിധ വിനോദങ്ങൾ എന്നിവ യുവാക്കൾ സമയം പാഴാക്കാതിരിക്കാൻ സംഘടിപ്പിച്ചു എന്നാണ്. ഇതെല്ലാം ജമാഅത്തിന്റെ സത്യതയ്ക്കുള്ള അടയാളമല്ലേ? ജൽസാ വേളയിൽ ഞാൻ എല്ലാ പ്രസംഗങ്ങളും കേട്ടിരുന്നു. എങ്കിലും പ്രത്യേകമായി എന്നെ സ്വാധീനിച്ച വിഷയങ്ങൾ ഇവയാണ്. യഥാർഥ ഇസ്ലാമിക ജിഹാദ്. ഈ പ്രസംഗത്തിൽ തൂലിക കൊണ്ടുള്ള ജിഹാദിന്റെ പ്രാധാന്യം, ചാവേർ ആക്രമണങ്ങൾ, നിരപരാധികളെ കൊലപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കുപകരം ചർച്ചകളുടെ പ്രാധാന്യം വിവരിക്കപ്പെട്ടു. കൂടാതെ ഇക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ പ്രമുഖ മാതൃകകൾ, യുവാക്കളുടെ പരസ്പര ബന്ധങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, ഇന്റർനെറ്റ് പ്രശ്നങ്ങൾ, നിലവിലുള്ള സമൂഹത്തിന്റെ ചായ്വുകൾ, സോഷ്യൽ മീഡിയയിൽ യുവ തലമുറയുടെ സ്വാധീനം, പുതു തലമുറയുടെ ശിക്ഷണം, മ്ലേച്ഛരവും വ്യർഥവുമായ ചിത്രീകരണത്തിന്റെ ദുഷ്ഫലങ്ങൾ തുടങ്ങിയ വിഷയങ്ങളായിരുന്നു. പഴഞ്ചൻ കഥകൾക്കു പകരം നിലവിലുള്ള കാലഘട്ടത്തിന്റെ സർവ്വ പ്രശ്നങ്ങൾക്കും ചായ്വുകൾക്കും മറുപടി നൽകുന്ന ഇസ്ലാമിനെ എനിക്ക് ഇവിടെ നിന്ന് ലഭിച്ചു എന്നു സാരം. ഇതര മുസ്ലിം വിഭാഗങ്ങളെല്ലാം കേവലം കഥകളിൽ പരിമിതമായിരിക്കുന്നു.

ഹുദൂർ അൻവറിന്റെ വാക്കുകൾ വളരെ സ്വാധീനമുളവാക്കി. ഇസ്ലാം എല്ലാ മതങ്ങളും സത്യമാണെന്നംഗീകരിക്കുന്നു. എല്ലാ മുൻകാല പ്രവാചകൻമാരേയും അംഗീകരിക്കുന്നു, അവരെ ആദരിക്കാൻ പഠിപ്പിക്കുന്നു, തുടങ്ങിയ കാര്യങ്ങളാണ് ഹുദൂർ പറഞ്ഞത്.ഇതെല്ലാം ജമാഅത്തിന്റെ സത്യതയ്ക്കുള്ള അടയാളമല്ലേ?

ആഗോള ബയ്അത്തും വളരെ സ്വാധീനം ജനിപ്പിക്കുന്നതായിരുന്നു. ആ സമയത്തുണ്ടായ എന്റെ അവസ്ഥയെ കുറിച്ച് വിവരിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല. എന്റെ ഹൃദയം പിടയുകയായിരുന്നു. കണ്ണുകളിൽ അശ്രു പ്രവാഹമായിരുന്നു. ഞാൻ എന്റെ വരിയിൽ അവസാനമായിരുന്നു. എന്റെ മുമ്പിലായി ഏകദേശം നൂറോളം പേരുണ്ടായിരുന്നു. ഇങ്ങനെയുള്ള ഏകദേശം 10 വരികളുണ്ടായിരുന്നു. എന്റെ മുമ്പിലായി തദ്ദേശവാസി ഇംഗ്ലീഷുകാരൻ ജോനാഥൻ സാഹിബും ഉണ്ടായിരുന്നു. ഞങ്ങൾ മുമ്പേ പരിചയക്കാരായിരുന്നു. തദ്ദേശവാസികളായ ഇംഗ്ലീഷുകാരും അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നു എന്നത് എന്നെ കൂടുതൽ ഉൽസാഹഭരിതനാക്കി. ഇത് ജമാഅത്തിന്റെ സത്യതയ്ക്ക് ഒരടയാളമല്ലേ?

അതിഥികളുടെ പ്രസംഗങ്ങളും എനിക്ക് വളരെ ഇഷ്ടപ്പെട്ടു.അവരിൽ ചിലർ നേരിട്ട് സദസ്യരെ സംബോധന ചെയ്ത് സംസാരിച്ചു. ചിലർ അവരുടെ വീഡിയോ സന്ദേശമയച്ചു. എല്ലാ പ്രസംഗകർക്കും നല്കാനുണ്ടായിരുന്നത് 'എല്ലാവരോടും സനേഹം, ആരോടുമില്ല വെറുപ്പ്' എന്ന ഒരൊറ്റ സന്ദേശമായിരുന്നു. (തുടരും)

## അല്ലാഹുവിന്റെ ചിഹ്നങ്ങളെ നിന്ദിക്കരുത്:

നോമ്പു പിടിക്കാത്തവർ ആളുകളുടെ മുമ്പിൽ, തിന്നും കുടിച്ചും നടക്കുകയാണെങ്കിൽ കൂടുതൽ പാപിയാകും. കാരണം അവന്റെ ഈ പ്രവർത്തികൊണ്ട് ജനങ്ങൾക്ക് നോമ്പ് ഉപേക്ഷിക്കാനുള്ള പ്രേരണ ഉണ്ടാകുന്നു. ആരെങ്കിലും മോഷ്ടിക്കുകയാണെങ്കിൽ പിടിക്കപ്പെടാതിരിക്കാൻ മറച്ചുവെക്കുന്നു. പക്ഷേ, നോമ്പ് ഉപേക്ഷിക്കുന്നവനും മറ്റുള്ളവരുടെ മുമ്പിൽ തിന്നും കുടിച്ചും നടക്കുന്നവനും, മറ്റുള്ളവരുടെ നോമ്പുപേക്ഷിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. അത്തരം മനുഷ്യൻ അല്ലാഹുവിന്റെ ചിഹ്നങ്ങളെ നിന്ദിക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവർ കാണുംവിധമുള്ള പാപം മറ്റുള്ളവരെയും അതിനുപ്രേരിപ്പിക്കുന്ന തിന് കാരണമായിത്തീരുന്നു. അത് കൂടുതൽ ശിക്ഷാർഹമാണ്. ശരീഅത്തിന്റെ കല്പനകളെ ഇപ്രകാരം തള്ളിക്കളയുന്നവൻ, ഇസ്ലാം മുഴുലോകത്തിനും എല്ലാകാലത്തേക്കുമുള്ളതല്ലെന്ന് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്! ഇസ്ലാമിന്റെ മേലുള്ള ഇത്തരം ആക്രമണം വളരെ വലിയ പാപമാണ്."(ഖുത്ബാത്തെ മഹ്മൂദ് വാള്യം: 6, പേജ്: 462, ഖുത്ബ ജുമുഅ 11/6/1920)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 24 May 2018 Issue-21

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# എന്റെ സ്വർഗ്ഗം

## വാഗ്ദത്ത മഹ്ദീ മസീഹ്

## ഹദ്റത്ത് മിർസാ ഗുലാം അഹ് മദ്(അ)

"ത്രിയേകത്വവിശ്വാസം കൊണ്ടുണ്ടായിട്ടുള്ള ദൂഷ്യങ്ങളെ പരിഷ്ക്കരിക്കുന്നതിന്നായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. 40 കോടിയിലധികം വരുന്ന ജനങ്ങൾ ഹദ്റത്ത് ഈസാ(അ)യെ ദൈവമായി പൂജിക്കുന്ന അതിദാരുണമായ ഈ കാഴ്ച എന്നെ അത്യധികം വേദനിപ്പിച്ചിരിക്കുകയാണ്. മറ്റു വല്ലതും എന്റെ ജീവിതത്തിൽ ഇതിലും കൂടുതൽ എന്നെ വേദനിപ്പിച്ചതായി എനിക്കറിയില്ല. ദുഃഖവും വ്യസനവും കാരണം എനിക്ക് മരിക്കാൻ സാധ്യമായിരുന്നെങ്കിൽ, ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ വിട്ടുകൊണ്ട് ഒരു പാവം മനുഷ്യനെ എന്തുകൊണ്ട് ഇവർ പൂജിക്കുന്നു എന്നും സ്വച്ഛമായ മാർഗ്ഗദർശനവും സത്യമാർഗ്ഗവും കൊണ്ട് ലോകത്ത് അവതീർണരായ ആ പ്രവാചകനെ എന്തുകൊണ്ട് അവർ വിശ്വസിക്കുന്നില്ല എന്നുമുള്ള ദുഃഖം എന്റെ അന്ത്യം കുറിക്കുമായിരുന്നു. ഈ ദുഃഖത്തിന്റെ ആഘാതത്താൽ ഞാൻ ഇല്ലാതായിത്തീരുമോ എന്നുപോലും ഞാൻ ഭയപ്പെടാറുണ്ട്. ഈ വേദന കാരണം എന്റെ അവസ്ഥ മറ്റുള്ളവർ പരലോകത്ത് സ്വർഗം ആഗ്രഹിക്കുമ്പോൾ എന്റെ സ്വർഗം എന്റെ ജീവിതത്തിൽ തന്നെ ഈ കൊടിയശിർക്കിൽനിന്നും ജനങ്ങൾ മോചിതരായിക്കാണുന്നതിലും ഏകദൈവത്തിന്റെ പ്രതാപം പ്രകടമാകുന്നതിലുമാണ്. എന്റെ ആത്മാവ് എപ്പോഴും ഇപ്രകാരം പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷിതാവേ! ഞാൻ നിന്നിൽനിന്നുള്ളവനാണെങ്കിൽ, നിന്റെ അനുഗ്രഹത്തിന്റെ ഛായ എനിക്ക് മീതെയുണ്ടെങ്കിൽ ഹദ്റത്ത് മസീഹ്(അ)ന്റെ തലക്കുമീതെ തൂങ്ങിക്കിടക്കുന്ന അദ്ദേഹം ദൈവമാണെന്ന് വാദിച്ചു (നഊദുബില്ലാഹ്) എന്ന ആരോപണത്തിൽനിന്നും അദ്ദേഹം മുക്തമാക്കപ്പെടുന്ന ആ സുന്ദരസുദിനം എനിക്ക് കാണിച്ചുതരേണമേ! ഒരു ദീഘകാലമായി ഞാൻ അഞ്ചുനേരവും ഇപ്രകാരം പ്രാർഥിക്കാറുണ്ട്. അല്ലാഹു ഇക്കൂട്ടർക്ക് കാഴ്ച നൽകുമാറാകട്ടെ. ഇവർ അവന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും അവന്റെ റസൂലിനെ തിരിച്ചറിയുകയും ത്രിയേകത്വവിശ്വാസത്തിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നവരാകുമാറാകട്ടെ." (തബ്ലീഗെ രിസാലത്ത്, വാല്യം– 7, പേ–71–72)

# യാത്രയിൽ നോമ്പ്:

"........ ഇതുപോലെ തന്നെയാണ് യാത്രയും. അത് യാദൃശ്ചികമായി വരുന്നതായിരിക്കും. എന്നാൽ, കച്ചവടക്കാരനോ ഉദ്യോഗസ്ഥനോ പര്യടനം നടത്തുന്നത് അയാളുടെ ജോലിയുടെ ഭാഗമാണെങ്കിൽ അതുയാത്രയല്ല. യാദൃശ്ചികമായി ചെയ്യേണ്ടിവരുന്ന യാത്രയാണ്, യാത്ര എന്നുപറയുന്നത്. ഒരിക്കൽ സ്ഥിരമായിട്ട് യാത്ര ചെയ്യേണ്ടിവന്നാൽ, അയാൾ യാത്രക്കാരനല്ല; ചില്ലറ സാധനങ്ങൾ വിൽക്കാനോ യാചനക്കായോ ഗ്രാമങ്ങൾതോറും ചുറ്റിനടക്കുന്നവെപ്പോലെയാണവൻ!

തങ്ങൾക്ക് കഠിനാധ്വാനം ചെയ്യേണ്ടിവരുന്നുവെന്നും തങ്ങൾക്ക് നോമ്പു പിടിക്കാൻ സാധിക്കുന്നില്ലെന്നും കർഷകൻ പറയുന്നു. അവർ അറി ഞ്ഞിരിക്കേണ്ടതാണ്, അവരുടെ ജോലി അതായതുകൊണ്ട് അവർക്ക് ജഢികമായ ബുദ്ധിമുട്ട് വളരെ കുറഞ്ഞതായിരിക്കും. ഈ കഠിനാധ്വാനത്തിന്റെ ഫലമായി, അവരുടെ ബുദ്ധിമുട്ടിന്റെ ബോധംതന്നെയും കുറഞ്ഞിട്ടാണ് അനുഭവപ്പെടുക. ബൗദ്ധികമായി ജോലി നിങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ? ഒരാൾ ഓപ്റേഷൻ ചെയ്യുകയാണെങ്കിൽ അവന് ക്ലോറോഫോം വേണ്ടിവരും. കർഷകർ പറയുന്നത് അവർക്ക് ക്ലോറോഫോമിന്റെ ആവശ്യമില്ലെന്നാണ്. കാരണം ബൗദ്ധികമായി ജോലിചെയ്യുന്നവരുടെ ബോധം ശക്തമാണ്. ഇവരുടേത് അശക്തവും. അതിനാൽ ബൗദ്ധികമായി തൊഴിലെടുക്കുന്നവർ ആ അധ്വാനം സഹിക്കുകയില്ല. അതുകൊണ്ടാണ് വെയിലിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് അവർ തണലത്തിരുന്നു ജോലിയെടുക്കുന്നത്. കർഷകർക്ക് ശാരീരികമായി അധ്വാനിക്കേണ്ടിവരുന്നു. അതുകൊണ്ട് അവർ നോമ്പു പിടിക്കുകയാണെങ്കിൽ അവരുടെ കഠിനാവസ്ഥ കാരണത്താൽ അവർക്ക് ഒരു വിഷമവും ഉണ്ടാകുകയില്ല. വായിക്കുന്നവർ വായിച്ച് വായിച്ച് ക്ഷീണിതരായിപ്പോയി. എന്നാൽ കർഷകർ പണിയെടുത്തെടുത്ത് ശക്തരായിരിക്കുന്നു. അതുകൊണ്ട് ഈ ഈ സാഹചര്യമനുസരിച്ച് കർഷകർക്കും നോമ്പുപിടിത്തം ദുഷ്കരമല്ല."

(ഖുത്ബാത്തെ മഹ്മൂദ് വാല്യം: 6 പേജ് 462,463 ഖുത്ബ ജുമുഅ 1920 ജൂൺ 11)

## നോമ്പു പിടിക്കുക; അത് ചെയ്യാൻ പറ്റാത്ത കല്പനയല്ല.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: "ഭക്ഷണം കഴിക്കുക എന്നത് മനുഷ്യന് നിർബന്ധമായിട്ടുള്ള കാര്യമാണ്. നിനക്ക് ഒരു ദീർഘകാലം അതുപേക്ഷിക്കേണ്ടിവരുമെന്ന് പറഞ്ഞാൽ അതുകേട്ട് അവൻ പരിഭ്രമിച്ചു പോകും. പക്ഷേ, അല്ലാഹു എത്ര സൂക്ഷ്മമായ നിലയിലാണ് ഇക്കാര്യം വിവരിച്ചിട്ടുള്ളത്. അവൻ നിർദ്ദേശിക്കുന്നു. അല്ലയോ മുഅ്മിനീംകളെ! 'നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.' ഈ കല്പനകേട്ട് എങ്ങനെ ഭക്ഷണവും പാനീയവും, ഒരു പരിധിവരെ സംസാരവും, സ്ത്രീകളുമായിട്ടുള്ള സംസർഗവും ഉപേക്ഷിക്കുമെന്നോർത്ത് ആളുകൾ പരിഭ്രമിക്കാനിടയുണ്ട്. അതുകൊണ്ടാണ് പറഞ്ഞത്, *കമാ കുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും* ഇത് ആർക്കും ചെയ്യാൻ പറ്റാത്ത കല്പനയൊന്നുമല്ല. ഈ കല്പന നാം മുമ്പേയുള്ളവർക്കും കൊടുത്തുവന്നിട്ടുള്ളതാണ്. അതുകൊണ്ട് നിങ്ങൾ പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ല.'

*(ഖുത്ബാത്തെ മഹ്മൂദ് വാല്യം: 4, പേജ: 143. ഖുത്ബ ജുമുഅ 1914 ജൂലായ് 31)*

## അശനപാനീയങ്ങൾ ഉപേക്ഷിക്കുന്നത് ഒരു പ്രാക്ടീസാണ്

"അല്ലാഹുവിനുവേണ്ടി അശനപാനീയങ്ങൾ ഉപേക്ഷിക്കുക എന്നത്, എപ്പോഴെങ്കിലും മുസ്വീബത്തു വരുമ്പോൾ അത് ഗൗനിക്കാതിരിക്കാനുള്ള പ്രാക്ടീസാണിത്. ഇപ്രകാരംതന്നെ അല്ലാഹുവിനുവേണ്ടി ഭാര്യമാരുമായിട്ടുള്ള സംസർഗം ഉപേക്ഷിക്കലും രാത്രി ഉണർന്നുണർന്ന് ആരാധന നടത്തലുമെല്ലാം എന്തെങ്കിലും വിഷമം സഹിക്കേണ്ടിവരികയും എന്തെങ്കിലും ഉപേക്ഷിക്കേണ്ടിവരികയും ചെയ്താൽ പരിഭ്രമിക്കാതിരിക്കാനുള്ള തയ്യാറെടുപ്പാണ്. റമളാൻ മാസത്തിൽ മുഅ്മിൻ അല്ലാഹുവിനുവേണ്ടി മാത്രം ഭക്ഷണം ഉപേക്ഷിക്കുന്നു. എപ്പോഴെങ്കിലും അല്ലാഹുവിന്റെ വഴിയിൽ എന്തെങ്കിലും ഉപേക്ഷിക്കേണ്ടിവന്നാൽ, തീർച്ചയായും ഉപേക്ഷിക്കുമെന്നതിനുള്ള മാതൃകയാണിത്. മുഅ്മിൻ റമളാൻ മാസത്തിൽ വെള്ളം കുടിക്കുന്നത് അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കുന്നു. ഭാര്യയുമായിട്ടുള്ള സംസർഗം അല്ലാഹുവിനു വേണ്ടി ഉപേക്ഷിക്കുന്നു. തന്റെ ഉറക്കം ബലിയർപിച്ച് അല്ലാഹുവിനോടുള്ള ആരാധനയിൽ മുഴുകുന്നു. ഇതു അല്ലാഹു മനുഷ്യന് മാതൃക കാണിക്കുകയാണ്. അതായത് നിങ്ങൾ ഒരു മാസം പരിശീലിച്ചു നോക്കുക. എവിടെയെങ്കിലും നിങ്ങൾക്ക് ഇത്തരം കാര്യങ്ങൾ നേരിടേണ്ടി വന്നാൽ സുഗമമായി അതു ചെയ്തുതീർക്കാൻവേണ്ടിയാണിത്.'

(ഖുത്ബാത്തെ മഹ്മൂദ്, വാള്യം: 4, പേജ്:144 ഖുത്ബ ജുമുഅ 1914 ജൂലായ് 31)

## റമളാൻ മാസത്തിൽ രോഗികൾക്കും യാത്രക്കാർക്കും ഇളവ്:

"ഇക്കാലഘട്ടം ആത്മീയ പുരോഗതികളുടേതാണ്. ആത്മീയപുരോഗതികളിൽ നോമ്പ് നിർബന്ധമാണ്. അതുകൊണ്ട് അതിനെ ഉപേക്ഷിച്ചു കളയരുത്. ദുആകളിലൂടെ ദൈവസാമീപ്യം അന്വേഷിച്ചു കൊള്ളുക. സാധാരണയായി രോഗികളെന്ന് പറഞ്ഞുനടക്കുന്നവർക്കും യാത്രക്കാർക്കും നോമ്പ് മാപ്പല്ല, അവർ മറ്റു ദിനങ്ങളിൽ പിടിച്ചു വീട്ടേണ്ടതാണ്. നല്ല ആരോഗ്യവാനായ ഒരാൾപോലും വൈദ്യന്റെ അടുത്തു പോയാൽ അയാൾ എന്തെങ്കിലും പരിശോധന നടത്തി രോഗം പറഞ്ഞു തരും. അത്തരം രോഗം രോഗമല്ല. പ്രത്യുത പൊതുവെ രോഗമെന്നു പറയുന്നതാണ് രോഗം........."

സാഹചര്യമനുസരിച്ച് കർഷകർക്കും നോമ്പുപിടിത്തം ദുഷ്കരമല്ല." (ഖുത്ബാത്തെ മഹ്മൂദ് വാള്യം: 6 പേജ് 462,463 ഖുത്ബ ജുമുഅ 1920 ജൂൺ 11)

## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin